നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

ജൂലായ് 2006

## കാണാതെ പോയ സമരം




**ദൽഹിയിലെ ജവാഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ സംവരണത്തെ പിന്താങ്ങിക്കൊണ്ട് നടത്തിയ പ്രകടനം.**

111

# വിവരാവകാശനിയമം: ചട്ടങ്ങളായി

**വി**വരാവകാശ നിയമം നടപ്പാക്കുന്നതിന്നാവശ്യമായ ചട്ടങ്ങൾ കേരള ഗവർമേണ്ട് വിജ്ഞാപനം ചെയ്തു. ഇതനുസരിച്ച് ഏതെങ്കിലും വിവരം അറിയണമെങ്കിൽ ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിശ്ചിതഫോറത്തിൽ അപേക്ഷ സമർപ്പിക്കണം.

ഓരോ അപേക്ഷക്കും പത്തുരൂപ ഫീസ് അടയ്ക്കണം. ഇതിന്ന് പത്തുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചാൽ മതി. അതല്ലെങ്കിൽ ട്രഷറിയിൽ പണമടച്ച് രശീതി വാങ്ങാം. അപേക്ഷകന്ന് നൽകുന്ന വിവരത്തിന്ന്, പേജൊന്നിന്ന് രണ്ടു രൂപാനിരക്കിൽ വസൂലാക്കും. ഭൂപടം, സാമ്പിൾ തുടങ്ങിയ വലുപ്പം കൂടിയവക്ക് യഥാർത്ഥ ചാർജ് വസൂലാക്കും. ഫ്ലോപ്പി, സി.ഡി തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയാണ് വിവരം നൽകുന്നതെങ്കിൽ അതിന് അമ്പതുരൂപ നൽകേണ്ടിവരും. ഇത് റൊക്കം പണം നൽകി രസീതുവാങ്ങിയാൽ മതി; അല്ലെങ്കിൽ ട്രഷറിയിൽ അടക്കാം. ദാരിദ്ര്യരേഖക്കുതാഴെയുള്ളവരിൽ നിന്ന് ഫീസ് വസൂലാക്കില്ല.

അപേക്ഷയിൽ അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും ഉണ്ടാകണം. ആവശ്യപ്പെടുന്ന വിവരം വ്യക്തമാക്കണം. ഏതുകൊല്ലത്തെ വിവരമാണ് ചോദിക്കുന്നതെന്നും വ്യക്തമാക്കണം. പ്രസക്തമായ മറ്റു കാര്യങ്ങളും അപേക്ഷയിലുണ്ടാകാം. അപേക്ഷയുടെ അടിയിൽ തിയ്യതിയും സ്ഥലവും വച്ച് ഒപ്പിട്ടിരിക്കണം.

**മാതൃകാ ഫോറം**

പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ                    തിയ്യതി:
(—----ഗവൺമെന്റ് ഓഫീസ്
ഗവ: ഓഫീസിന്റെ മേൽവിലാസം)

**2005 ലെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ**

അറിയേണ്ട വിവരത്തിന്റെ സ്വഭാവം.
അറിയേണ്ട വിവരത്തിന്റെ കാലം
രേഖാപരിശോധനയാണ് വേണ്ടതെങ്കിൽ അക്കാര്യം
താൽപര്യപ്പെടുന്ന പരിശോധനാസമയം
ഫീ അടച്ചവിവരം
ചെക്ക്/ ഡ്രാഫ്റ്റ് ആണെങ്കിൽ നമ്പർ
ചലാനാണെങ്കിൽ നമ്പർ
ദാരിദ്ര്യരേഖക്ക് താഴെയാണോ?
ആണെങ്കിൽ, തെളിവ് ഹാജരാക്കിയിട്ടുണ്ടോ?
വിവരം തപാൽ വഴി അയക്കണമോ?
അപേക്ഷകന്റെ പേര്
പൂർണ്ണമായ മേൽവിലാസം
ഫോൺ/ഇമെയിൽ/ഫാക്സ്.                    അപേക്ഷകന്റെ ഒപ്പ്.

ജനനീതി

ജൂലായ് 2006
111

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in

എഡിറ്റോറിയൽ

# സ്വാർത്ഥതയുടെ ഭീകരമായ അഴിഞ്ഞാട്ടം

**ക**ഴിഞ്ഞ മേയിൽ ദൽഹിയിൽ ഒരു പ്രക്ഷോഭണം നടക്കുകയുണ്ടായി. സാധാരണഗതിയിൽ അവഗണിക്കപ്പെടേണ്ട ഒന്നായിരുന്നു അതെങ്കിലും, ചില പ്രത്യേക സാഹചര്യങ്ങൾ അതിനെ വമ്പിച്ചൊരു പ്രക്ഷോഭണമായി പർവ്വതീകരിച്ചുകാണിച്ചു. ഒന്നാമത് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളും ഡോക്ടർമാരുമായിരുന്നു സമരത്തിന്റെ മുന്നണിയിൽ. അത് ആസ്പത്രികളുടെ പ്രവർത്തനത്തെ ബാധിച്ചു. രണ്ടാമത് സുപ്രീംകോടതിയുടെ മൂക്കിന്നു താഴെയായിരുന്നു സമരം. സാമീപ്യമാണല്ലോ ഒരുകാര്യത്തെ വലുതാക്കുന്നതും ചെറുതാക്കുന്നതും. രാജ്യത്തെന്തോ ഭൂകമ്പം നടക്കുന്നുവെന്നമട്ടിൽ സുപ്രീം കോടതി അതിൽ ഇടപെട്ടു. മൂന്നാമത് സംവരണസംബന്ധമായ പ്രശ്നമാകയാൽ മാധ്യമങ്ങൾ അത് ഏറ്റുപിടിക്കുകയും വലിയകോലാഹലങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. നമ്മുടെ പത്രങ്ങളും ടെലിവിഷൻ ചാനലുകളും ഏറെക്കുറെ സവർണ്ണ മേധാവിത്വത്തിൻ കീഴിലുള്ളതാണ്; അടിസ്ഥാനപരമായി ഇവർ സംവരണ വിരോധികളുമാണ്. അതിനാൽ ഒരു ചിതൽപുറ്റിനെ ഹിമാലയമാക്കി കാണിക്കാൻ അവർ വെമ്പി. കഥയറിയാത്ത നാട്ടുകാർ അതുവിശ്വസിക്കുകയും ചെയ്തു.

സർക്കാർവകയോ സർക്കാരിൽനിന്ന് സഹായം സ്വീകരിക്കുന്നവയോ ആയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മറ്റ് പിന്നോക്കസമുദായങ്ങൾക്ക് (O.B.C.) സംവരണം ഏർപ്പെടുത്താനുള്ള 93-ാം ഭരണഘടനാ ഭേദഗതി പാർലിമെന്റ് ഏകകണ്ഠമായി പാസ്സാക്കിയിരുന്നതാണ്. അന്നാരും അതിന്നെതിരായി ഒരക്ഷരം മിണ്ടുകപോലും ചെയ്തില്ല – ഈയിടെ സംവരണ വിരുദ്ധ സമരം നടത്തിയവർപോലും.

ഈ ഭേദഗതിയനുസരിച്ച് മറ്റു പിന്നോക്കസമുദായങ്ങൾക്ക് 27 ശതമാനം സംവരണം നടപ്പാക്കാൻ ഗവർമ്മേണ്ട് തീരുമാനിച്ചതായി കേന്ദ്ര മനുഷ്യ വിഭവ വികസനകാര്യമന്ത്രി പ്രഖ്യാപിച്ചപ്പോഴാണ് ആകാശം ഇടിഞ്ഞ് പൊളിഞ്ഞ് വീണാലെന്നപോലെ ഒരു സംവരണവിരുദ്ധ സമരം പൊട്ടിപ്പുറപ്പെട്ടത്. 1990-ൽ വി.പി. സിങ്ങിന്റെ ഗവർമ്മേണ്ട് മറ്റു പിന്നോക്കസമുദായങ്ങൾക്ക് ഉദ്യോഗങ്ങളിൽ 27 ശതമാനം സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ അതിന്നെതിരേയും പ്രക്ഷോഭണം നടക്കുകയുണ്ടായി. അന്ന് കോൺഗ്രസ്സും ബി.ജെ.പി. യും പ്രക്ഷോഭണക്കാരുടെ മുന്നണിയിലും പിന്നണിയിലുമായി അണിനിരന്നിരുന്നു. എന്നാൽ ഇത്തവണ ഒരൊറ്റ പാർട്ടിയും സംവരണവിരുദ്ധ സമരത്തെ പിന്താങ്ങാനുണ്ടായിരുന്നില്ല. എന്നിട്ടും സമരം മൂന്നാഴ്ച നീണ്ടതിന്ന് നാം മാധ്യമങ്ങളോട് നന്ദി പറയേണ്ടിയിരിക്കുന്നു.

സ്വാർത്ഥം മനുഷ്യസഹജമാണ്. എന്നാൽ അതിന്നും മാന്യതയുടേതായ ഒരു മൂടുപടമിടുവിക്കാൻ എല്ലാവരും ശ്രദ്ധിക്കാറുണ്ട്. ദൽഹിയിൽ നടന്നത് അതിന്ന് നേരെ വിപരീതമായിരുന്നു. സ്വാർത്ഥതയുടെ നിർലജ്ജമായ അഴിഞ്ഞാട്ടമാണ് നാമവിടെ കണ്ടത്. ഖജനാവിൽനിന്നും പണമെടുത്തു ചെലവാക്കി നടത്തിവരുന്ന ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ സീറ്റുകളിൽ ഏതാണ്ടെല്ലാം തന്നെ ഇക്കാലമത്രയായും സവർണ്ണർ കയ്യടക്കിവച്ച് അനുഭവിച്ചു വരികയായിരുന്നു. അതിൽനിന്ന് ഒരു ഭാഗം അവശവിഭാഗത്തിന്ന് നൽകാനുള്ള തീരുമാനത്തിന്നെതിരെയാണ് ദൽഹിയിൽ ഈ ബഹളം മുഴുവൻ നടന്നത്. ഈ സമരത്തെ ന്യായീകരിക്കാൻ എന്തെല്ലാം അസംബന്ധങ്ങളാണിവർ ജല്പിച്ചത്.

സംവരണവിരോധികൾക്ക് പറയാനുള്ളത് പ്രധാനമായും രണ്ടു ഞായങ്ങളാണ്. സംവരണംമൂലം വിദ്യാഭ്യാസനിലവാരം താഴ്ന്നുപോകുന്നുവെന്നുള്ളതാണ് ഒന്ന്. ഇതു കേട്ടാൽതോന്നും, സംവരണങ്ങളിലൂടെ ഉന്നതവിദ്യാഭ്യാസത്തിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ അക്ഷരാഭ്യാസമില്ലാത്തവരാണെന്ന്! വാസ്തവത്തിൽ യോഗ്യതയിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവരുടെയും സംവരണത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവരുടെയും മാർക്കുകൾക്കുതമ്മിൽ ഒന്നോ രണ്ടോ മാർക്കിന്റെ വ്യത്യാസമേ ഉണ്ടാകാറുള്ളൂ. ആർക്കുവേണമെങ്കിലും പരിശോധിച്ച് സ്വയം ബോധ്യപ്പെടാവുന്നകാര്യമാണിത്. അതിന്നും പുറമേ, അരനൂറ്റാണ്ടിലേറെക്കാലം സംവരണം പ്രയോഗത്തിൽ വരുത്തിയിട്ടും ദക്ഷിണേന്ത്യയിലെ ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും നിലവാരത്തകർച്ചയുണ്ടായിട്ടില്ലെന്നതും സംവരണവിരുദ്ധരുടെ മുഖത്ത് തുറിച്ചുനോക്കുന്ന ഒരു വസ്തുതയാണ്.

സംവരണത്തിൽകൂടി തിരഞ്ഞടുക്കപ്പെടുന്നവർ ദരിദ്രരൊന്നുമല്ലെന്നതാണ് മറ്റൊരു വാദം. സംവരണവിരുദ്ധർക്ക് അതിൽ വേവലാതിപ്പെടേണ്ട കാര്യമൊന്നുമില്ല. സംവരണാനുകൂല്യം പിന്നോക്കവർഗ്ഗങ്ങളിലെ പണക്കാർ തട്ടിയെടുക്കുകയാണെങ്കിൽ, അതിന്നറുതി വരുത്തേണ്ടത് പിന്നോക്കസമുദായക്കാർ തന്നെയാണ്. അത് അവർ ചെയ്യുമെന്നകാര്യത്തിലും സംശയിക്കാനില്ല. സവർണ്ണരിൽനിന്ന് അവകാശങ്ങൾ പിടിച്ചുപറ്റാനുള്ള ശേഷി അവർണ്ണർക്കുണ്ടെങ്കിൽ, അവർണ്ണർക്കിടയിലെ അസമത്വം തീർക്കാനും അവർ ആ ശേഷിയെ ഉപയോഗപ്പെടുത്തുകതന്നെചെയ്യും. ഏതായാലും അവർണ്ണരെ കുറിച്ച് ഇന്നേവരെ വേവലാതിപ്പെട്ടിട്ടില്ലാത്ത സവർണ്ണർ, ഇപ്പോൾ അവർണ്ണർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ അർഹിക്കുന്ന പാത്രങ്ങളിൽ തന്നെയാണോ വീഴുക എന്നതിനെച്ചൊല്ലി വേവലാതിപ്പെടേണ്ട കാര്യമില്ല. ഈ വേവലാതി സദുദ്ദേശപ്രേരിതമല്ലെന്നുകണ്ടറിയാനുള്ള ബുദ്ധി അവർണ്ണർക്കുണ്ട്. ❑

# വിവരാവകാശനിയമം പ്രയോഗത്തിൽ

**വി**വരാവകാശനിയമത്തിന്റെ പ്രയോഗത്തിലൂടെ വലിയൊരു അഴിമതി പുറത്തുകൊണ്ടുവന്നതിന്റെ വിവരമാണ് താഴെ ചേർക്കുന്നത്.

മധ്യപ്രദേശ് ഗവർമേണ്ട് ഇൻഡസ് ചൈൽഡ് ലേബർ പ്രോജക്ട് എന്നൊരു പദ്ധതി നടത്തുന്നുണ്ട്. ബാലവേലയിൽനിന്ന് രക്ഷിച്ച കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുകയും അതോടൊപ്പം തൊഴിൽ പരിശീലനം നല്കുകയുമാണ് പദ്ധതിയുടെ മർമ്മം. ഇതിനുള്ള പണം അന്താരാഷ്ട്ര തൊഴിൽ സംഘടനയാണ് നല്കുന്നത്. മധ്യപ്രദേശിലെ അഞ്ചുജില്ലകളിൽ 2004 ജനുവരിമുതൽ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി നാഷണൽ ചൈൽഡ് ലേബർ പ്രോജക്ട് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര തൊഴിൽ സംഘടന മധ്യപ്രദേശ് ഗവർമേണ്ടിന്ന്, പണം നല്കുന്നു; ഗവർമേണ്ട് ആ പണം ഈ സൊസൈറ്റിക്ക് കൈമാറുന്നു. കലക്ടറാണ് സൊസൈറ്റിയുടെ അധ്യക്ഷൻ; ജില്ലാ ലേബർ ഓഫീസർ സെക്രട്ടറിയുമാണ്. ഓരോ ജില്ലക്കും ഓരോ പ്രോജക്ട് ഡയറക്ടറേയും നിയമിച്ചിട്ടുണ്ട്. അഞ്ചു ജില്ലകളിൽ കട്നി ജില്ലക്കുമാത്രം 31,80,750 രൂപ അനുവദിച്ചിരുന്നു.

ഈ പദ്ധതിയുടെ നടത്തിപ്പിൽ വ്യാപകമായ അഴിമതിയുള്ളതായി നാട്ടിൽ ശ്രുതിയുണ്ടായിരുന്നു. എന്നാൽ രേഖയൊന്നും കിട്ടാൻ മാർഗ്ഗമില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് വിവരാവകാശനിയമം നടപ്പിൽവന്നത്. മധ്യപ്രദേശ് നിയമസഭ 2002ൽതന്നെ വിവരാവകാശനിയമം പാസ്സാക്കിയിരുന്നു. പക്ഷെ നിയമം പ്രാബല്യത്തിൽ വരുത്താൻവേണ്ട ചട്ടങ്ങൾക്ക് ഗവർമേണ്ട് രൂപം നല്കിയില്ല. തന്മൂലം നിയമം ചത്തുകിടപ്പായിരുന്നു. 2005ൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യപ്പെട്ടു.

മോഹൻ നാഗവാണി എന്നൊരു പൊതുപ്രവർത്തകൻ, വിവരാവകാശ നിയമമനുസരിച്ച് "ഇൻഡസ്" പദ്ധതിയുടെ വിവരങ്ങൾക്ക് അപേക്ഷ സമർപ്പിച്ചു. (1) പദ്ധതി പ്രകാരം നടത്തുന്ന ടീച്ചിങ് സെന്ററുകളിലേക്ക് വാങ്ങിയ ഫസ്റ്റ് എയ്ഡ് കിറ്റുകളുടെ എണ്ണം (2) ഓരോ കിറ്റിന്റേയും വില (3) ഓരോ കിറ്റിലും ഉൾപ്പെടുന്ന സാധനങ്ങൾ എന്നിവയുടെ വിവരമാണ് നാഗവാണി ആവശ്യപ്പെട്ടത്. 17 ദിവസത്തിന്നകം നാഗവാണി ആവശ്യപ്പെട്ട വിവരങ്ങളെല്ലാം ഇൻഫർമേഷൻ ഓഫീസറിൽനിന്ന് കിട്ടി. കാട്നിയിൽ 40 ഫസ്റ്റ് എയ്ഡ് കിറ്റ് വാങ്ങിയിട്ടുണ്ട്. ഒരു കിറ്റിന് 3500 ക. യാണ് വില. 2005 ആഗസ്തിൽ വാങ്ങിയ കിറ്റുകൾ സെപ്തംബറിൽതന്നെ 40 ടീച്ചിങ് സെന്ററുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഇത്രയും വിവവരംകൊണ്ട് പ്രത്യേകിച്ചു പ്രയോജനമൊന്നുമില്ല. അതുകൊണ്ട് നാഗവാണി ഫസ്റ്റ് എയ്ഡ് കിറ്റുകളുടെ മാർക്കറ്റ് വില അന്വേഷിച്ചു. കട്നിയിൽ കിറ്റുകൾ വിതരണം ചെയ്യുന്ന മൂന്നു കമ്പനികളിൽനിന്ന് അദ്ദേഹം ക്വൊട്ടേഷൻ ക്ഷണിച്ചു. (ഒരു ഇന്ത്യൻ കമ്പനിയും രണ്ടു ബഹുരാഷ്ട്ര കമ്പനികളും)

| | |
|---|---|
| ഇൻഡോറിലെ പരാസ് ഫാർമസ്യൂട്ടിക്കൽസ് | 760 ക. |
| അലമ്പിക് (ബഹുരാഷ്ട്ര കമ്പനി) | 930 ക. |
| ഗ്ലാക്സോ (ബഹുരാഷ്ട്ര കമ്പനി) | 970 ക. |

കട്നിയിൽ പദ്ധതി നടപ്പാക്കിയവർ കിറ്റ് ഒന്നിന് 3500 ക. വച്ച് 1,40,000 ക. 40

പേജ് 23

# നിയമം അതിന്റെ വഴിക്ക്; ലംഘകർ അവരുടെ വഴിക്കും

**- ബോബി രമാകാന്ത് -**

സിഗരറ്റ് - പുകയില പരസ്യനിരോധന നിയമം 2004 മേയിൽ പ്രാബല്യത്തിൽവന്നതാണ്. ഈ നിയമപ്രകാരം പുകയില ഉല്പന്നങ്ങൾ സംബന്ധിച്ച എല്ലാ പരസ്യങ്ങളും നിരോധിച്ചിട്ടുണ്ട്. പുകയില ഉല്പന്നങ്ങൾ വിൽക്കുന്ന കടയുടെ പുറത്ത് മൂന്നടി നീളവും രണ്ടടി വീതിയുമുള്ള രണ്ടു ബോർഡുകൾ വയ്ക്കാൻ മാത്രമേ അനുവാദമുള്ളൂ. അതിൽതന്നെ നാലിലൊരു ഭാഗം പുകയില ഉപയോഗിക്കുന്നത് ആപൽക്കരമാണെന്ന മുന്നറിയിപ്പിന്നായി നീക്കിവയ്ക്കേണ്ടതുമുണ്ട്. ഇതൊക്കെയാണ് നിയമം. എന്നാൽ ഇതിൽനിന്നെല്ലാം എത്രയോ അകലെയാണ് യാഥാർത്ഥ്യം.

ഉത്തരപ്രദേശിലെ പൊടിനിറഞ്ഞ ഹൈവേകളിൽക്കൂടി കാറോടിച്ചുപോകുന്ന ഒരാൾക്ക്, പലതരം സിഗരറ്റുകളെക്കുറിച്ചുള്ള തിളങ്ങുന്ന പ്ലാസ്റ്റിക് ബോർഡ് പരസ്യങ്ങളുടെ നിരകൾതന്നെ കാണാം. ഫലപ്രദമായ പരസ്യത്തിന്റെ അളവുകോൽ കാഴ്ചയാണെങ്കിൽ, സിഗരറ്റ് പരസ്യങ്ങൾ പെപ്സി, കോള, ലൈഫ് ബോയ് പരസ്യങ്ങളെയെല്ലാം ബഹുദൂരം പിൻതള്ളും.

സിഗരറ്റും പുകയില ഉൽപന്നങ്ങളും വിൽക്കുന്ന ചില്ലറ വില്പനക്കാരുടെ കടകൾക്കുമുമ്പിൽ സ്ഥാപിക്കാൻ അനുവദിച്ചിട്ടുള്ളത് ആറു ചതുരശ്രഅടി വിസ്തീർണ്ണത്തിലുള്ള ബോർഡാണെങ്കിൽ, ഇന്ന് പ്രദർശിപ്പിച്ചുവരുന്നത് അതിനേക്കാൾ വലുപ്പംകൂടിയവയാണ്. ദൽഹി പോലുള്ള നഗരങ്ങളിൽപോലും അതാണ് സ്ഥിതി.

എന്തു നിരോധനം, ഏതു നിരോധനം? നിങ്ങൾക്കിപ്പോൾ മുമ്പത്തേക്കാൾ കൂടുതൽ പരസ്യബോർഡുകൾ കാണാൻ കഴിയും എന്നാണ് മീററ്റിലെ ഒരു പെട്ടിക്കടക്കാരനായ കിശോർ മിശ്ര പറഞ്ഞത്. തന്റെ പെട്ടിക്കടയുടെ മുകളിൽ രണ്ട് ബോർഡ് വയ്ക്കുന്നതിന് ഇന്ത്യൻ ടുബാക്കോ കമ്പനി മാസംതോറും 1000 ക. നൽകുന്നുണ്ടെന്ന് മിശ്ര പറയുന്നു. (ഇന്ത്യയിലെ ഏറ്റവും വലിയ പുകയില കച്ചവടക്കാരാണ് ഇന്ത്യൻ ടുബാക്കോ കമ്പനി) ഏതാണ്ടെല്ലാ കച്ചവടക്കാരും നിയമലംഘനത്തിൽ തല്പരരാണെന്നതാണ് വാസ്തവം.

പത്രങ്ങളിലും മറ്റും പരസ്യം നല്കുന്നത് നിരോധിച്ചതോടെ നാടാകെ പരസ്യം വന്നുകയറി എന്നതാണ് യാഥാർത്ഥ്യമെന്ന് പുകയില വിരുദ്ധസന്നദ്ധ സംഘടനകൾ ആക്ഷേപിക്കുന്നു. നിങ്ങൾക്ക് നിയമം എങ്ങനേയും വ്യാഖ്യാനിക്കാം. പരസ്യം 3 അടി x 2 അടി വലുപ്പത്തിലേ പാടുള്ളൂവെന്ന് നിയമം അനുശാസിക്കുന്നു. ശരി. പരസ്യം ആ വലുപ്പത്തിലേയുള്ളൂ. അതിന്റെ പശ്ചാത്തല ബോർഡിന്ന് എത്ര വലുപ്പം വേണമെങ്കിലും ആകാം! മുംബായ് ഹൈക്കോടതിയിൽ നിലവിലുള്ള ഒരു കേസിൽ സിഗരറ്റ് നിർമ്മാതാക്കൾ ഉന്നയിച്ചിരിക്കുന്ന ന്യായവാദം തന്നെ ഇതാണ്.

ഏതായാലും പരസ്യം വകയിലുള്ള പത്രക്കാരുടേയും ടെലിവിഷൻകാരുടേയും നഷ്ടം പെട്ടിക്കടക്കാരുടെ ലാഭമായി മാറിയിട്ടുണ്ട്. നിയമപ്രകാരം പരസ്യം നൽകാൻ നിവൃത്തിയില്ലാത്തതിനാൽ സിഗരറ്റ് കമ്പനികൾ ഇപ്പോൾ പെട്ടിക്കടകളെ പരസ്യമാധ്യമമാക്കുകയാണ് ചെയ്യുന്നത്. ആറു ചതുരശ്രഅടി വലുപ്പത്തിലുള്ള രണ്ടു ബോർഡ് വയ്ക്കാൻ പെട്ടിക്കടക്കാർക്ക് മാസത്തിൽ 200 ക. മുതൽ 2000 ക.വരെ

നൽകേണ്ടിവരുന്നതായി സിഗരറ്റ് കമ്പനികൾ പറയുന്നു. മർമ്മപ്രധാനമായ സ്ഥലത്താണ് പെട്ടിക്കട സ്ഥിതിചെയ്യുന്നതെങ്കിൽ മാസം 20000 ക. വരെ ബോർഡ് വയ്ക്കാൻ നൽകേണ്ടിവരുന്നുണ്ട്.

ഇന്ത്യയിൽ 30 ലക്ഷം സിഗരറ്റ് കച്ചവടക്കാരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സിഗരറ്റ് പരസ്യനിരോധനം മൂലം ഈ പെട്ടിക്കടക്കാർക്കിപ്പോൾ കൊല്ലത്തിൽ 150 കോടി രൂപയിലേറെ അധികവരുമാനമുണ്ടെന്ന് പറയുന്നു.

ഇന്ത്യയിലെ രണ്ടു സിഗരറ്റ് വ്യാപാരികൾ ITC, GPI എന്നിവയാണ്. സിഗരറ്റ് വ്യാപാരത്തിൽ 85 ശതമാനം ITCയ്ക്കും 12 ശതമാനം GPIക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പത്രപരസ്യ നിരോധനത്തിന്നുമുമ്പ് പരസ്യം നല്കാനും മറ്റുമായി GPI വിനിയോഗിച്ചിരുന്നത് 80 കോടി രൂപയായിരുന്നു; നിരോധനം വന്നതോടെ പെട്ടിക്കടപരസ്യത്തിന്നും മറ്റുമായി 120 കോടി ക. ചെലവാക്കേണ്ടിവരുന്നുണ്ട്. പെട്ടിക്കടകളിൽ മുമ്പും പരസ്യ ബോർഡ് പ്രദർശിപ്പിക്കാറുണ്ട്. പക്ഷെ അതിന്ന് ഒരു പൈസപോലും ചെലവില്ലായിരുന്നു. ഇപ്പോൾ ബോർഡ് വയ്ക്കാൻ പെട്ടിക്കടക്കാർക്ക് ഭീമമായ തുകനൽകേണ്ടിവരുന്നു.

പരസ്യം മാത്രമല്ല പ്രശ്നം. പരസ്യനിരോധനം മൂലം സിഗരറ്റ് വില്പനക്ക് പെട്ടിക്കടക്കാരെ മാത്രം ആശ്രയിക്കേണ്ടിവരുന്നു. ബിസിനസ്സ് രംഗത്ത് കടുത്ത മത്സരമുള്ളതിനാൽ പെട്ടിക്കടക്കാർക്ക് കൂടുതൽ കമ്മീഷൻ നൽകേണ്ടിവരുന്നുണ്ട്. പരസ്യനിരോധനത്തിനു മുമ്പ് പെട്ടിക്കടക്കാർക്ക് 10-15 ശതമാനമായിരുന്നു കമ്മീഷൻ. അതിപ്പോൾ 30 ശതമാനംവരെയായി വർദ്ധിപ്പിക്കേണ്ടിവന്നിട്ടുണ്ട്.

നിലവിലുള്ള പുകവലിക്കാരെ നിലനിർത്താനും പുതിയ ആളുകളെ ആകർഷിക്കാനുമായി ഇടക്കിടെ പാക്കേജിങ് പരിഷ്ക്കരിക്കേണ്ടിവരുന്നുണ്ടെന്ന് കമ്പനിക്കാർ പറയുന്നു. അതിന്നും പുറമെ പുതിയ ബ്രാൻഡുകളും വിപണിയിൽ എത്തിക്കേണ്ടിവരുന്നുണ്ട്.

ഇതുമാത്രമല്ല പ്രശ്നം. പുതിയ പുതിയ പ്രശ്നങ്ങൾ ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്നുണ്ട്. സിനിമയിലും ടെലിവിഷനിലും പുകവലിക്കുന്ന രംഗങ്ങൾ അവതരിപ്പിക്കുന്നത് ഗവർമേണ്ട് നിരോധിച്ചിട്ടുണ്ട്. ഇത് ഈ മാസത്തിൽ പ്രാബല്യത്തിൽ വരാനിടയുണ്ട്. ഇതിന്നുപുറമെ, ലോകാരോഗ്യസംഘടനയുടെ പുകവലിവിരുദ്ധ സന്ധിയിൽ ഇന്ത്യയും ഒപ്പിടാനിടയുണ്ട്. അങ്ങനെ വന്നാൽ സിഗരറ്റ് പാക്കറ്റിന്റെ വിസ്തീർണ്ണത്തിൽ മൂന്നിലൊന്ന് ആരോഗ്യപ്രശ്നമുന്നറിയിപ്പിന്നായി നീക്കിവയ്ക്കേണ്ടിവരും. ആരോഗ്യമന്ത്രി രാമദാസ് പുതിയൊരു പദ്ധതിക്കു കൂടി രൂപം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് മൂന്നുമാസം കൂടുമ്പോൾ സിഗരറ്റ് പാക്കറ്റിന്മേലുള്ള മുന്നറിയിപ്പ് മാറ്റണം. “പുകയില കാൻസറിന്നിടയാക്കുന്നു”; “പുകയില ആളെക്കൊല്ലിയാണ്” എന്നിങ്ങനെയുള്ള മുന്നറിയിപ്പുകൾ മാറിമാറി ചേർക്കേണ്ടിവരും.

## ഇതാണ് നിയമം

- ഏതുതരം പുകയില ഉല്പന്നത്തിന്റേയും പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രചരണം ശിക്ഷാർഹമാണ്.
- ആറു ചതുരശ്രഅടിയിലേറെ വലുപ്പമുള്ള ബോർഡുകൾ കടയ്ക്കകത്ത് പ്രദർശിപ്പിക്കുന്നത്പോലും ശിക്ഷാർഹമാണ്.
- ബോർഡിന്റെ മുകൾഭാഗത്ത് നാലിലൊരു ഭാഗം മുന്നറിയിപ്പിന്നായി നീക്കിവയ്ക്കണം.
- ബോർഡിൽ ബ്രാൻഡിന്റെ പേരോ ഉല്പന്നത്തിന്റെ ചിത്രമോ അല്ലാതെ മറ്റൊന്നും ഉണ്ടാകാൻ പാടില്ല.
- വാക്കാലുള്ള പ്രചരണം പോലും ശിക്ഷാർഹമാണ്.
- നിയമലംഘകർക്ക് രണ്ടു കൊല്ലം വരെ തടവോ 1000 ക. പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാവുന്നതാണ്. ❑

# ദൽഹിയിലെ നിരർത്ഥകമായ സംവരണ ബഹളം

**- സോയ ഹസൻ -**

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖല വളരെയേറെ വളർന്നിട്ടുണ്ട്. സർവ്വകലാശാലകളുടെ എണ്ണം 25 ൽ നിന്ന് 348 ആയി പെരുകി; കോളേജുകൾ 700 ൽ നിന്ന്17,625 ആയി. 1970 കൾക്കുശേഷം ഉന്നത വിദ്യാഭ്യാസത്തിന്ന് വലിയ തിരക്കനുഭവപ്പെട്ടു. പ്രൊഫഷണൽ-ടെക്കനിക്കൽ വിദ്യാഭ്യാസരംഗത്തായിരുന്നു ഏറ്റവുമധികം തിരക്ക്. അതിൽതന്നെ എഞ്ചിനിയറിങ്ങ്-മെഡിക്കൽ കോളേജുകൾക്കും മാനേജ്മെന്റ് സ്കൂളുകൾക്കും ആവശ്യം ഏറെയായി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരത്തിൽ പെരുകുകയും പ്രവേശനതിരക്ക് വർദ്ധിക്കുകയും ചെയ്തുവെങ്കിലും, സ്വാതന്ത്ര്യംനേടി ആറു ദശകങ്ങൾ കഴിഞ്ഞിട്ടും ഇവയിലെ പ്രവേശനം സമൂഹത്തിലെ ചെറിയൊരു സമ്പന്നവർഗ്ഗത്തിന്റെ കുത്തകയായി അവശേഷിക്കുകയാണിന്നും. സാമൂഹ്യമായ വിവേചനം രൂഢമൂലമായി അവശേഷിക്കുന്നു എന്നാണിത് കാണിക്കുന്നത്. പരമ്പരാഗതമായിതന്നെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു കഴിയുന്ന ഇടത്തരക്കാരിലും മുന്നോക്കസമുദായങ്ങളിലും പെട്ട വിദ്യാർത്ഥികളാണ് ഇന്നും ഈ രംഗത്ത് മേധാവിത്വം പുലർത്തുന്നത്. ജനസംഖ്യയിൽ വെറും 20 ശതമാനം മാത്രം വരുന്നവർ ഉന്നതവിദ്യാഭ്യാസരംഗത്ത് അടക്കിവാഴ്ച തുടരുന്നു.

ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഒരു കരുവെന്ന നിലക്ക് സംവരണം എത്രത്തോളം ഫലപ്രദമാകുമെന്നത് ഒരു വിവാദവിഷയമാണ്. എന്നാൽ ഗവർമ്മേണ്ട് വക സ്ഥാപനങ്ങളിലും ഗവർമ്മേണ്ടിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ആകെയുള്ള സീറ്റിൽ 50 ശതമാനം വരെ സംവരണം ഏർപ്പെടുത്താൻ ഗവർമ്മേണ്ടിന്ന് അധികാരമുണ്ടെന്നകാര്യത്തിൽ സംശയമൊന്നുമില്ല. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് സംവരണമേർപ്പെടുത്താൻ ഭരണഘടനാ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമെന്നപോലെ മറ്റു പിന്നോക്ക സമുദായക്കാർക്കും സംവരണത്തിനർഹതയുണ്ട്. നൂറ്റാണ്ടുകളായി അവശതകൾ കുന്നുകൂടി കിടക്കുന്നവർക്ക് തുറന്ന മത്സരത്തിൽ മത്സരിച്ചു ജയിക്കാനാവില്ല. പിന്നണിയിൽ കിടക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്ന നയം ഈ അസമത്വങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സഹായിക്കും. പിന്നോക്കവർഗ്ഗക്കാർക്കു സംവരണമെന്ന ആശയത്തിന്റെ പിന്നിലുള്ള യുക്തിയും അതാണ്. സംവരണത്തിനു 50 ശതമാനമെന്ന പരിധി നിശ്ചയിച്ചിരിക്കുന്നതും സുപ്രീം കോടതി അംഗീകരിച്ചിട്ടുണ്ട്.

സംവരണത്തിന്നെതിരായ വാദങ്ങൾ പ്രധാനമായും മൂന്നാണ്. അസമത്വദൂരീകരണത്തിന്നുള്ള ഏറ്റവും നല്ല മാർഗ്ഗം സംവരണമാണോ എന്നതാണ് ആദ്യത്തെ ചോദ്യം. വിദ്യാഭ്യാസപരമായ മേൻമയെ സംവരണം പ്രതികൂലമായി ബാധിക്കുമെന്നതാണ് രണ്ടാമത്തേത്. മറ്റു പിന്നേക്കവർഗ്ഗങ്ങൾ എന്ന വിഭാഗത്തിൽപെട്ടവർ സമ്പന്നരാണെന്നും അതിനാൽ സംവരണം അർഹിക്കുന്നില്ലെന്നതുമാണ് മൂന്നാമത്തെ വാദം.

സംവരണം വേണ്ടന്നു വാദിക്കുന്നവരിൽ ഏതാണ്ടെല്ലാവരും തന്നെ പിന്നോക്ക സമുദായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് അനുകൂലമാണ്. ഫലത്തിൽ രണ്ടും ഒന്നു തന്നെയാണെങ്കിലും പ്രയോഗത്തിൽ വ്യത്യാസമുണ്ട്. സംവരണം നിയമാധിഷ്ഠിതമാണ്; പ്രത്യേക പരിഗണന ഔദാര്യമാണ്. ഔദാര്യം നടപ്പാക്കാം; നടപ്പാക്കാതിരിക്കാം. അതിനെചൊല്ലി കോടതിയെ സമീപിക്കാനാവില്ല. സംവരണത്തിന്റേയും പ്രത്യേകപരിഗണനയുടേയും ഫലം ഒന്നുതന്നെയാണെന്നിരിക്കെ, നിയമപരമായി നടപ്പാക്കാവുന്ന സംവരണം തന്നെയല്ലേ ഉചിതം എന്നതാണ് ഉയർന്നുവരുന്നചോദ്യം.

നൂറ്റാണ്ടുകളായുള്ള വിവേചനത്തിന്റെ ദുഷ്ഫലത്തിന്നറുതിവരുത്താൻ ഏറ്റവും നല്ലമാർഗ്ഗം സംവരണമല്ലെന്നിരുന്നാൽതന്നെ, ഏറ്റവും പ്രായോഗികമായമാർഗ്ഗം അതാണ്. കാരണം അത് സുതാര്യമാണ്; നിയമപരമായി നടപ്പാക്കാവുന്നതാണ്; നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നതുമാണ്. ഇന്ത്യയിലെ സംവരണം വളരെ ഫലപ്രദവും രചനാത്മകവുമാണെന്ന കാര്യം നാം മറന്നുപോകരുത്. ഉദാഹരണത്തിന്ന് ഇന്ത്യയിലെ ഏഴു ടെക്നോളജി ഇൻസ്റ്റിട്ട്യൂട്ടുകളിൽ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾ ഒമ്പതു ശതമാനത്തോളം വരും യഥാർത്ഥത്തിൽ അവർക്ക് 15 ശതമാനം സംവരണമുണ്ടെന്നത് വേറൊരുകാര്യം. എന്നാൽ സംവരണമില്ലായിരുന്നുവെങ്കിൽ ഈ ഒമ്പതു ശതമാനം പോലും അവർക്കുനേടാനാകുമായിരുന്നില്ല. പട്ടികജാതിക്കാകർക്കിപ്പോൾ 9 ശതമാനം സീറ്റുണ്ടെങ്കിൽ, സംവരണമില്ലാത്ത മറ്റു പിന്നോക്കജാതിക്കാർ 8.6 ശതമാനം മാത്രമേയുള്ളൂ.

സംവരണം വിദ്യാഭ്യാസപരമായ മേൻമയെ നശിപ്പിക്കുമെന്നതാണ് സംവരണവിരോധികളുടെ രണ്ടാമത്തെ വാദം. ഈ വാദം തീർത്തും തെറ്റാണെന്ന് അമേരിക്കൻ സർവ്വകലാശാലകളിലേയും ദക്ഷിണേന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അനുഭവം വിളിച്ചോതുന്നുണ്ട്. തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, കേരളം എന്നീ സംസ്ഥാനങ്ങളിൽ വളരെ ഉയർന്ന സംവരണതോതാണുള്ളത്. എന്നിട്ടും അവിടുത്തെ വിദ്യാഭ്യാസനിലവാരം ഉത്തരേന്ത്യൻ സർവ്വകലാശാലകളിലേതിനോട് താരതമ്യപ്പെടുത്തുമ്പോൾ ഒട്ടുംതന്നെ താഴ്ന്നതല്ല.

സംവരണ വിരോധികളുടെ മൂന്നാമത്തെ വാദം, മറ്റ് പിന്നോക്കസമുദായക്കാർ സമ്പന്നരാണെന്നതാണ്. രണ്ടു ഘടകങ്ങൾ ഇവിടെയുണ്ട്. മറ്റു പിന്നോക്കവർഗ്ഗങ്ങളിലെ പല സാമുദായികഘടകങ്ങളാണ് ഒന്ന്; ക്രിമീലെയർ എന്നതിന്റെ നിർവ്വചനമാണ് രണ്ടാമത്തേത്. പട്ടികജാതിക്കാരിൽനിന്നും പട്ടികവർഗ്ഗക്കാരിൽനിന്നും വ്യത്യസ്തമായി, മറ്റ് പിന്നോക്കജാതിക്കാരിൽ പല ജാതിക്കാരും അവർക്കിടയിൽതന്നെ അസമത്വങ്ങളുമുണ്ട്. ഈ വിഭാഗങ്ങളിൽ കൂടുതൽ മുന്നിട്ടുനിൽക്കുന്നവരെ ഒഴിവാക്കി യഥാർത്ഥമായും അർഹരായവർക്ക് സംവരണാനുകൂല്യം ലഭിക്കാറാക്കണമെന്ന് സുപ്രീംകോടതി ഗവർമ്മേണ്ടിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

മറ്റ് പിന്നോക്കസമുദായങ്ങൾക്ക് സംവരണം ആവശ്യമാണെങ്കിലും, പിന്നോക്കക്കാരിലെ വിവിധ ഗ്രൂപ്പുകൾക്കിടയിൽ അസമത്വം വളർത്തുന്ന ഒന്നായിതീരരുത് സംവരണം. ഇതിന്ന് ക്രിമീലിയർ പദ്ധതി പരിഷ്കരിക്കണം. ക്രിമീലിയർ നിർണ്ണയിക്കുന്നത് വെറും സാമ്പത്തികാടിസ്ഥാനത്തിലാകരുത്. തൊഴിൽ, സ്വത്ത്, വിദ്യാഭ്യാസം തുടങ്ങിയ മറ്റ് പല കാര്യങ്ങളും പരിഗണിക്കപ്പെടണം.

❏

# സാമ്പത്തിക അസമത്വം കേരളത്തിലാണധികം

ഒരു സമത്വാധിഷ്ഠിത സമൂഹം പടുത്തുയർത്തുന്നതിൽ തങ്ങൾ വളരെയധികം മുന്നേറിയിട്ടുണ്ടെന്ന് അഭിമാനിക്കുന്നവരാണ് മലയാളികൾ. എന്നാൽ വാസ്തവം അതല്ലെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നു.

കേരളീയരിൽ പത്തുശതമാനം വരുന്ന സമ്പന്നവർഗ്ഗം കേരളീയരുടെ വരുമാനത്തിന്റെ 41 ശതമാനവും കയ്യടക്കുന്നു; അതേസമയം ഏറ്റവും താഴെ തട്ടിലുള്ള പത്തുശതമാനത്തിന്റെ വരുമാനം മൊത്തം വരുമാനത്തിന്റെ 1.3 ശതമാനം മാത്രമാണ്.

വിദ്യാഭ്യാസത്തിലും ആരോഗ്യപരിപാലനത്തിലും കേരളം വളരെ പുരോഗമിച്ചിട്ടുണ്ടെന്നാണ് സങ്കൽപം. എന്നാൽ ദരിദ്രകുടുംബങ്ങളിൽ പെട്ട യുവാക്കളിൽ ഏഴരശതമാനത്തിന്നുമാത്രമേ കോളേജിന്റെ പടികയറാനുള്ള ഭാഗ്യമുണ്ടായിട്ടുള്ളു; പത്തുശതമാനം വരുന്ന സമ്പന്നവർഗ്ഗത്തിൽപെട്ടവരാണ് കോളേജിൽ പഠിക്കുന്നവരിൽ 36.8 ശതമാനവും.

തൊഴിൽകാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. പാവപ്പെട്ടകുടുംബങ്ങളിൽപെട്ട 18നും 25നും ഇടക്കു പ്രായമുള്ളവരിൽ 54.3 ശതമാനവും തൊഴിൽരഹിതരാണെങ്കിൽ സമ്പന്നവർഗ്ഗത്തിൽപെട്ട ചെറുപ്പക്കാരിൽ 24.8 ശതമാനമേ തൊഴിൽരഹിതരായിട്ടുള്ളൂ.

കേരളത്തിന്റെവിവിധഭാഗങ്ങളിലെ 5696 കുടുംബങ്ങളിലെ 28049 പേരാണ് പഠനത്തിന് വിധേയമാക്കപ്പെട്ടത്. കഴിഞ്ഞ ചില ദശകങ്ങളിൽകേരളത്തിൽ സംഭവിച്ചത് ഇടത്തരക്കാരിലെ താഴെ തട്ടിലുള്ളവർ മുകൾതട്ടിലേക്ക് കയറിപ്പറ്റി എന്നതാണ്. അതോടൊപ്പം, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അസമത്വം വർദ്ധിക്കുകയും ചെയ്തു. ദരിദ്രരുടേയും അതിദരിദ്രരുടേയുംപ്രതിമാസവരുമാനത്തിന്റെ പന്ത്രണ്ടിരട്ടിവരും ധനികരുടെ പ്രതിമാസവരുമാനം.

ദാരിദ്ര്യം ഏറ്റവും അധികമുള്ളത് പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിലാണ്. അതിൽതന്നെ ഏറ്റവും അധികം ദാരിദ്ര്യം പാലക്കാടാണ്. വിവിധ സമുദായങ്ങളിൽ ഏറ്റവും മോശമായ സ്ഥിതി മുസ്ലീമുകൾക്കിടയിലാണ് കാണുന്നത്. മുസ്ലീമുകൾക്കിടയിൽ ഇടത്തരക്കാരേക്കാളധികംവരും ദരിദ്രർ.

ഏറ്റവും അധികം തൊഴിലവസരം ലഭിക്കുന്നത് വ്യാപാരം, വ്യവസായം തുടങ്ങിയസേവനമേഖലയിലാണ്. തൊഴിലുള്ളവരിൽ 52.6 ശതമാനം ഈ സേവനമേഖലയിലാണ് പണിയെടുക്കുന്നത്. ഏറ്റവുമധികം വരുമാനമുള്ളത് പ്രെഫഷനലുകൾക്കാണ്; അവർക്കിടയിൽ ഡോക്ടർമാർ മുൻപന്തിയിൽ നിൽക്കുന്നു. ഒരുഡോക്ടറുടെ പ്രതിമാസവരുമാനം 22,400 രൂപ വരും.

വരുമാനത്തിനും വിദ്യാഭ്യാസത്തിനും തമ്മിൽ വളരെ അടുത്തബന്ധമുണ്ടെന്ന് പഠനം തെളിയിച്ചു. കുട്ടികളെ പ്രൊഫഷണൽ കോഴ്സുകളിൽ കയറ്റിവിടാൻ രക്ഷിതാക്കൾ കാണിക്കുന്നപരാക്രമങ്ങളുടെ കാരണം അതാണ്.

കഴിഞ്ഞ അഞ്ചുകൊല്ലത്തിനിടയിൽ ജനങ്ങളിൽ 91 ശതമാനത്തിൽ നിന്നും ശേഷിക്കുന്ന 9 ശതമാനത്തിലേക്ക് വൻതോതിലുള്ള സമ്പദ്പ്രവാഹം സംഭവിച്ചിട്ടുണ്ട്. ഭൂനയപരിഷ്കരണത്തിലൂടെ സാധാരണക്കാർക്കിടയിലുണ്ടായ സമ്പദ്പ്രവാഹത്തിന്റെ തിരിച്ചൊഴുക്കാണിത്.

ആരോഗ്യപരിപാലനത്തിന് ഏറ്റവുമധികം പണം ചെലവാക്കുന്നത് കേരളീയരാണ്. ദരിദ്രർപോലും തങ്ങളുടെ വരുമാനത്തിന്റെ 34.5% ആരോഗ്യ സംരക്ഷണത്തിന്നായി ചെലവഴിക്കുന്നുണ്ട്. ❑

# മൂന്ന് ദുരന്തങ്ങൾ; മൂന്ന് സമീപനങ്ങൾ

സമീപകാലങ്ങളിലുണ്ടായ ദുരന്തങ്ങൾ സമൂഹമനസ്സാക്ഷിയെ എങ്ങനെ ബാധിച്ചു എന്നതു സംബന്ധിച്ച ഒരു താരതമ്യപഠനമാണിത്. കാലക്രമമനുസരിച്ച് പറയുകയാണെങ്കിൽ ആദ്യത്തേത് ഭോപ്പാലിലെ വിഷവാതക ദുരന്തമായിരുന്നു. അവിടെ ആയിരക്കണക്കിനാളുകൾ ചത്തുവീണു; ഇപ്പോഴും ആളുകൾ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു. ഒരു കൊല്ലത്തിന്നുശേഷമാണ് സോവിയറ്റ് യൂണിയനിലെ ചെർണോബിൽ അണുശക്തിനിലയം "ഉരുകിപ്പോയത്". ഈ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം കുറവാണെങ്കിലും അപകടത്തിന്റെ വ്യാപ്തി ഭീകരമായിരുന്നു. യൂറോപ്പിലാകെ അണുപ്രസരമുണ്ടാകാൻ അതിടയാക്കി. മൂന്നാമത്തെ ദുരന്തം ഈ കൊച്ചു കേരളത്തിലാണുണ്ടായത്. കാസർകോട്ടെ കശുമാവിൻ തോപ്പുകളിൽ സർക്കാർ ഉപയോഗിച്ച എൻഡോസൾഫാൻ എന്ന വിഷം ഒട്ടേറെ പേരെ രോഗികളാക്കി. പക്ഷെ ഈ വിഷപ്രയോഗമാണ് രോഗകാരണമെന്നു സമ്മതിക്കാൻ സംസ്ഥാന ഗവർമെണ്ടോ കേന്ദ്ര ഗവർമെണ്ടോ ഇന്നുവരെ തയ്യാറായിട്ടില്ല.

1986 ഏപ്രിൽ 26 നാണ് ചെർണോബിൽ അപകടമുണ്ടായത്. എന്താണവിടെ സംഭവിച്ചതെന്ന കാര്യം ഇനിയും വ്യക്തമല്ല. അണു റിയാക്ടറിന്റെ കാതൽ ഉരുകിപോയെന്നും, തന്മൂലം അണുപ്രസരമുണ്ടായെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. സോവിയറ്റ് യൂണിയനിൽ മാത്രമല്ല, അങ്ങകലെ കിടക്കുന്ന സ്വീഡൻവരെ അണുപ്രസരം സംഭവിച്ചു. അണുപ്രസരമേറ്റതുമൂലം ഇതിന്നകം അമ്പതോളം പേർ മാത്രമേ മരിച്ചിട്ടുള്ളൂ. ഇവരിലധികവും രക്ഷാപ്രവർത്തകരായിരുന്നു. മരണസംഖ്യ കുറവാണെങ്കിലും "മാരക"മായി അണുപ്രസരമേറ്റവരുടെ എണ്ണം ആറുലക്ഷം വരും. അതായത് ഇവരിൽ മിക്കവരും അർബുദരോഗബാധിതരായി മരിക്കും. ചെർണോബിലിന് തൊട്ടടുത്ത് ജീവിച്ചിരുന്ന രണ്ടര ലക്ഷം പേരും, രക്ഷാപ്രവർത്തനങ്ങളിൽ വ്യാപൃതരായ രണ്ടു ലക്ഷം പേരും ഇതിൽ പെടും. ചെർണോബിലിനടുത്ത് മുപ്പത് കിലോമീറ്റർ വരെയുള്ള പ്രദേശങ്ങളിൽ കൃഷി നടത്തുന്നതും വ്യാവസായിക പ്രവർത്തനങ്ങൾ നടത്തുന്നതും സർക്കാർ നിരോധിച്ചിട്ടുണ്ട്. തന്മൂലം മനുഷ്യരുടെ ഇടപെടലൊന്നുമില്ലാതെ ഒരു ജൈവമണ്ഡലം അവിടെ രൂപം കൊണ്ടുവരുന്നു. ഉരുകിപ്പോയ അണുശക്തി കേന്ദ്രത്തിൽ നിന്ന് അണുപ്രസരമുണ്ടാകുന്നത് തടയാൻ അണുകേന്ദ്രത്തെ കോൺക്രീറ്റ് കൊണ്ട് പൊതിഞ്ഞിട്ടിരിക്കുകയാണ്. പക്ഷേ ഇരുപതുകൊല്ലം കഴിഞ്ഞപ്പോഴേക്കും ഈ കോൺക്രീറ്റ് കൂടാരത്തിന്ന് ബലക്ഷയം സംഭവിച്ചിട്ടുണ്ടെന്ന് വിദഗ്ദൻമാർ പറയുന്നു. ഇതിന്നുപുറമേ പുതിയൊരു കോൺക്രീറ്റ് കൂടാരം നിർമ്മിക്കാൻ ധനസഹായം നൽകുന്നതിന്ന് യൂറോപ്യൻ രാജ്യങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്.

ഏതായാലും ചെർണോബിൽ സംഭവം ലോകമനസ്സാക്ഷിയെ നടുക്കി. ഇതിനെ തുടർന്ന് പുതിയ അണുവൈദ്യുതികേന്ദ്രങ്ങളുടെ നിർമ്മാണം തന്നെ ഉപേക്ഷിക്കപ്പെട്ടു. ഏതാണ്ടൊരു ഡസൻ ഐക്യരാഷ്ട്ര സംഘടനകൾ ചെർണോബിൽ ദുരന്തത്തെപ്പറ്റി പഠനം നടത്തിവരുന്നുണ്ട്.

എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായിരുന്നു ഭോപ്പാൽ ദുരന്ത

ത്തിന്റെ സ്ഥിതി. ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടിട്ടും, അതിനുത്തരവാദികൾ അമേരിക്കക്കാരായിട്ടും ഭോപ്പാൽ നിവാസികളുടെ പ്രശ്നം ഏറ്റെടുക്കാൻ ആരുമുണ്ടായില്ല - ഗവർമെണ്ടുപോലും.

മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിൽ 1984 ഡിസംബർ രണ്ടാം തിയ്യതി രാത്രിയാണ് ദുരന്തമുണ്ടായത്. നഗരത്തിൽതന്നെയുള്ള ബഹുരാഷ്ട്ര കുത്തകയായ യൂണിയൻ കാർബൈഡിന്റെ കീടനാശിനി നിർമ്മാണശാലയിൽ സംഭരിച്ചുവച്ചിരുന്ന 35 ടൺ വിഷവാതകം വാതകസംഭരണിയിൽനിന്നും ചോരുകയാണുണ്ടായത്. കനത്ത മഞ്ഞുകാലമായതിനാൽ വാതകത്തിന്ന് അന്തരീക്ഷത്തിലേക്ക് ഉയരാനായില്ല. അതുകൊണ്ടവ നഗരത്തിൽ തറ നിരപ്പിൽ പടർന്നു; കാറ്റിന്റെ ഗതിയനുസരിച്ച് അത് പരക്കെ വ്യാപിച്ചു. പുലരുന്നതിനൽപം മുമ്പായിരുന്നതിനാൽ ജനങ്ങളെല്ലാം സുഖനിദ്രയിലായിരുന്നു. വിഷവാതകം ശ്വസിച്ച് ഏഴായിരം പേർ മരിച്ചു; വിഷവാതകം ശ്വസിച്ചതുമൂലമുണ്ടായ അസുഖങ്ങൾമൂലം മറ്റൊരു 1500 പേർ പിന്നീട് മരിച്ചിട്ടുണ്ട്. അതിന്നുംപുറമെ ഒരു ലക്ഷം പേരെങ്കിലും മാറാരോഗങ്ങൾ പിടിപെട്ട് മരണം കാത്ത് കഴിയുന്നുമുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമായിരുന്നു ഭോപ്പാലിലേത്. ലോകത്തെയാകെ ഇത് നടുക്കികളഞ്ഞുവെങ്കിലും ഇതിന്റെ ഉത്തരവാദിത്വം ഇനിയും നിർണ്ണയിക്കപ്പെട്ടില്ല. മാത്രമല്ല കൊല്ലം ഇരുപതുകഴിഞ്ഞിട്ടും യൂണിയൻ കാർബൈഡ് ഫാക്ടറിയിലെ മലിനീകരണത്തിന്ന് അറുതിവരുത്താനും കഴിഞ്ഞിട്ടില്ല. കമ്പനി മേധാവികൾ ഫാക്ടറിയും പൂട്ടി നാടുവിട്ടു. കമ്പനിക്കാരിൽനിന്ന് കുറച്ച് പിച്ചക്കാശ് വാങ്ങി പങ്കുവക്കുന്നതിനപ്പുറം ഗവർമേണ്ട് ഒന്നും ചെയ്തിട്ടുമില്ല. യൂണിയൻ കാർബൈഡ് ഫാക്ടറിയുടെ ആസ്തിയെല്ലാം ഡോവ് കെമിക്കൽസ് എന്ന മറ്റൊരു അന്താരാഷ്ട്ര കമ്പനി 2001ൽ ഏറ്റെടുത്തു. എന്നാൽ ഭോപ്പാൽ ദുരന്തത്തിന്ന് തങ്ങൾക്കൊരു ഉത്തരവാദിത്വവുമില്ലെന്ന ഉറച്ചനിലപാടിലാണ് യൂണിയൻ കാർബൈഡും ഡോവ് കെമിക്കൽസും നിൽക്കുന്നത്. യൂണിയൻ കാർബൈഡിന്നെതിരായി ജനങ്ങൾ ഭോപ്പാൽ കോടതിയിൽ സമർപ്പിച്ച കേസിന്റെ വിചാരണയിൽ പങ്കെടുക്കാൻ യൂണിയൻ കാർബൈഡും ഡോവ് കെമിക്കൽസും വിസമ്മതിച്ചുവരുന്നു. വേണമെന്നുണ്ടെങ്കിൽ കേന്ദ്രഗവർമെണ്ടിന്ന് ചില കർക്കശ നടപടികൾ സ്വീകരിക്കാൻ കഴിയും. പക്ഷേ അമേരിക്കൻ മുതലാളിമാരെ മുഷിപ്പിക്കുന്നതിനുള്ള ഭയംകൊണ്ടാണെന്നു തോന്നുന്നു ഗവർമേണ്ട് ഒത്തുതീർപ്പിന്റെ മാർഗ്ഗമാണ് സ്വീകരിച്ചുവരുന്നത്.

സുപ്രീംകോടതിയുടെ കാർമ്മികത്വത്തിൽ കേന്ദ്രഗവർമേണ്ടും യൂണിയൻകാർബൈഡും തമ്മിലുണ്ടാക്കിയ ഒത്തുതീർപ്പനുസരിച്ച് യൂണിയൻ കാർബൈഡഡ് 750 കോടി രൂപയാണ് കേന്ദ്രഗവർമേണ്ടിനെ ഏൽപ്പിച്ചത്. ലോകചരിത്രത്തിലെ ഏറ്റവും വലിയ ജനവഞ്ചനയായി ഇത് രേഖപ്പെടുത്തപ്പെടും.

മധ്യപ്രദേശ് ഗവർമേണ്ട് 2003 ൽ പ്രസിദ്ധീകരിച്ച കണക്കുപ്രകാരം, വിഷബാധയേറ്റ് മരിച്ച 15248 പേർക്കും അവശരായിതീർന്ന 554,895 പേർക്കുമാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. റോഡപകടത്തിൽ മരിക്കുന്നവർക്കുപോലും പത്തുലക്ഷം നഷ്ടപരിഹാരം നൽകുന്ന നാടാണിത്. സർക്കാർ കണക്കുപ്രകാരം ഭോപ്പാലിൽ15248 പേരേ മരിച്ചിട്ടുള്ളൂവെന്ന് സമ്മതിച്ചാൽ തന്നെ ഇവർക്ക് പത്തുലക്ഷംവീതം നഷ്ടപരിഹാരം നൽകാൻ തന്നെ 1500 കോടി രൂപ വേണം. ഇതിന്നുപുറമേ ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും എന്ന

മട്ടിൽ അവശരായി കഴിയുന്ന അഞ്ചര ലക്ഷം പേർക്ക് ഓരോലക്ഷംവീതമെങ്കിലും നഷ്ടപരിഹാരം നൽകണമെങ്കിൽ ചുരുങ്ങിയത് 6000 കോടി രൂപ വേറേയും വേണ്ടിവരും. ചുരുക്കത്തിൽ 7500 കോടിയെങ്കിലും ഉണ്ടാകേണ്ട സ്ഥാനത്താണ് ഗവർമേണ്ട് 750 കോടി വാങ്ങി കേസവസാനിപ്പിച്ചിരിക്കുന്നത്; അതിന്നു കൂട്ടുനിന്നതാകട്ടെ, സുപ്രീം കോടതിയും.

ഇതിനേക്കാളെല്ലാം ദയനീയമാണ് കാസർകോട് ജില്ലയിലെ പാദ്രെയിലെ കഥ. സർക്കാർവക കശുമാവിൻ തോപ്പുകളിൽ സർക്കാർതന്നെ കീടനാശിനി തളിച്ചതിന്റെ ഫലമായി വിഷബാധയേറ്റ ഒട്ടേറെപേർ അവിടെ അവശരും ആലംബഹീനരുമായി കഴിയുന്നു. ഒരു മലംപ്രദേശത്താണ് ദുരന്തം സംഭവിച്ചതെന്നതിനാലും വിഷബാധയേറ്റവരെല്ലാം പരമ ദരിദ്രരാണെന്നതിനാലും അതേറ്റുപിടിക്കാൻ കുറച്ചു പരിസ്ഥിതിപ്രവർത്തകരല്ലാതെ ആരുമുണ്ടായില്ല. പാവങ്ങൾ ഇപ്പോഴും ദുരിതങ്ങൾ കടിച്ചിറക്കി ജീവിക്കുന്നു. 25,000 പേർക്ക് വിഷബാധയേറ്റിട്ടുണ്ടെന്നും ഇതിൽ ഏഴായിരം പേർക്ക് അസ്പത്രി ചികിൽസ വേണ്ടിവരുമെന്നുമാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ആരോഗ്യവകുപ്പ് നടത്തിയ പഠനത്തിൽ തന്നെ ഗുരുതരമായ രോഗബാധയുള്ളവർ 800 വരുമെന്ന് കാണുകയുണ്ടായി.

ഒരു കൊല്ലം മുമ്പ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വിഷബാധയേറ്റവരെ സന്ദർശിക്കുകയും എല്ലാവിധ സഹായങ്ങളും വാഗ്ദത്തം ചെയ്യുകയുമുണ്ടായി. തീർത്തും അവശരായവർക്കായി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കാമെന്നും, മറ്റുള്ളവർക്ക് പ്രത്യേക ചികിൽസാ സൗകര്യങ്ങളുണ്ടാക്കാമെന്നും ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി സ്പെഷൽ സ്കൂൾ സ്ഥാപിക്കാമെന്നും മറ്റും മുഖ്യമന്ത്രി ഉറപ്പു നൽകിയിരുന്നു. പക്ഷെ യാതൊന്നും സംഭവിച്ചില്ല. ജനങ്ങളുടെ ദുരിതത്തിന്ന് കാരണം എൻഡോ സൾഫാൻ വിഷപ്രയോഗമാണെന്ന് സമ്മതിക്കാൻ പോലും കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകൾ തയ്യാറാകുന്നില്ല. മുതിർന്നവർ രോഗികളായി മാറിയതും ജനിക്കുന്ന കുട്ടികൾ വികലാംഗരായി തീരുന്നതുമെല്ലാം ഈ വിഷപ്രയോഗത്തിന്റെ ഫലമാണെന്നംഗീകരിച്ചാൽ, ന്യായമായും നിയമാനുസൃതമായും നഷ്ടപരിഹാരം നൽകാൻ ഗവർമെണ്ട് ബാധ്യസ്ഥരായിത്തീരും. ചെർണോബിലിൽ, ഭോപ്പാലിൽ വിഷബാധയേറ്റവർക്ക് നഷ്ടപരിഹാരം നൽകിയതുപോലെ കാസർകോട്ടും നഷ്ടപരിഹാരം നൽകേണ്ടിവരുന്നത് ഒഴിവാക്കാൻ ഗവർമേണ്ട് വിദഗ്ധ കമ്മറ്റികളെ നിയമിക്കുകയും ജനങ്ങൾ അവശരായത് എൻഡോസൾഫാൻ കൊണ്ടൊന്നുമല്ലെന്ന് സർട്ടിഫിക്കറ്റ് എഴുതി വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് എന്ന ചോദ്യത്തിന്ന് മറുപടി നൽകേണ്ട ഭാരം തങ്ങൾക്കുണ്ടെന്ന് വിദഗ്ധന്മാർ സമ്മതിക്കുകയുമില്ല. അങ്ങനെ കാസർകോട്ടെ പാവങ്ങൾ ദുരിതങ്ങൾ കടിച്ചിറക്കികൊണ്ട് ദിനങ്ങൾ തള്ളിനീക്കുന്നു.

ഈ മൂന്നു ദുരന്തങ്ങളുടെ കാര്യത്തിൽ ലോകം മൂന്നുതരം സമീപനം അനുവർത്തിച്ചതെന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ടതല്ലെ? ചെർണോബിൽ യൂറോപ്പിലാണ്. മരണം പരിമിതമാണെങ്കിലും അവരുടെ ദൃഷ്ടിയിൽ ഓരോ ജീവനും വിലയേറിയതാണ്. ഐക്യരാഷ്ട്രസമിതി മുതൽ എല്ലാവരും അഹമഹമികയാ പാഞ്ഞെത്തി നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. ഭോപ്പാലിൽ മരിച്ചത് 22,000 പേരാണ്. പക്ഷേ ഇന്ത്യയിൽ ജീവന്ന് വിലകുറവാണെന്ന് അമേരിക്കക്കാർ മാത്രമല്ല, ഇന്ത്യാ ഗവർമെണ്ടും സുപ്രീം കോടതിയും സമ്മതിക്കുന്നു. കാസർകോട്ടാകട്ടെ, മനുഷ്യജീവന്ന് ആരും ഒരു വിലയും കല്പിക്കുന്നില്ല. ❑

# നിയമധ്വംസന നിയമം അഴിമതിക്കാർക്കുവേണ്ടി

**ക**ഴിഞ്ഞ മേയ് മാസത്തിൽ പാർലിമെന്റ് തിരക്കുപിടിച്ച് ഒരു നിയമധ്വംസനനിയമം പാസ്സാക്കി; അത്രതന്നെ തിരക്കുപിടിച്ച് അതു നടപ്പാക്കുകയും ചെയ്തു. വിചിത്രമെന്നു പറയട്ടെ, ഈ വിക്രമമെല്ലാം നടന്നത് ഏകകണ്ഠമായിട്ടായിരുന്നു. നല്ലകാര്യങ്ങളെപ്പോലും എതിർക്കാറുള്ള പ്രതിപക്ഷത്തിന്നുപോലും ഇതിൽ എതിർപ്പില്ലായിരുന്നു!

നഗരങ്ങളിലെന്നല്ല ഗ്രാമങ്ങളിൽപോലും കെട്ടിടനിർമ്മാണത്തിന്ന് നിയമങ്ങളുണ്ട്; നിയമങ്ങളുള്ളേടത്ത് നിയമലംഘനവും പതിവാണ്; നിയമലംഘകരെ ഗവർമ്മേണ്ട് ശിക്ഷിക്കുകയും ചെയ്യും. അനാദികാലംമുതൽ എല്ലായിടത്തും നടക്കുന്നതാണിത്. ഗ്രാമങ്ങളിൽ നിയമലംഘനം ചെറിയതോതിലാണെങ്കിൽ നഗരങ്ങളിൽ വൻതോതിലാണെന്ന വ്യത്യാസമേയുള്ളൂ. തലസ്ഥാനമായ ദൽഹിയാകട്ടെ, നിയമലംഘനങ്ങളുടേയും തലസ്ഥാനമാണ്.

നിയമം ലംഘിച്ചു നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന ഏർപ്പാട് ആരംഭിച്ചിട്ട് കാലമേറെയായി. പാവങ്ങളുടെ കുടിലുകളാണ് ഇതിന്ന് പ്രധാനമായും ഇരയാകാറുള്ളത്. പണക്കാർ നാനാവിധ അഴിമതികളിലൂടെ നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുകയാണ് പതിവ്. ഈ പതിവിന്ന് കോടതി ഈയിടെ തടയിട്ടു. നിയമവിരുദ്ധമായി നിർമ്മിച്ച എല്ലാ കെട്ടിടങ്ങളും പൊളിച്ചുമാറ്റുകയും താമസസ്ഥലങ്ങളിൽ നിയമവിരുദ്ധമായി നടത്തുന്ന ബിസിനസ്സുകൾ പൂട്ടുകയും വേണമെന്ന് കോടതി കല്പിച്ചു. ദൽഹി ഹൈക്കോടതിയും സുപ്രീംകോടതിയും ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ചത്. ദൽഹി മുനിസിപ്പൽ അധികൃതർ ഗത്യന്തരമില്ലാതെ അനധികൃത കെട്ടിടങ്ങൾ പൊളിക്കാൻ തുടങ്ങി.

ഉദ്യോഗസ്ഥൻമാർ നിയമം നടപ്പാക്കാൻ തുടങ്ങിയാൽ പണക്കാർ സാധാരണയായി കോടതിയെ ആശ്രയിക്കുകയാണ് എല്ലായിടത്തും പതിവ്. നല്ലൊരു വക്കീലിനെ ഇറക്കിയാൽ സർക്കാർ നടപടിക്കെതിരെ കോടതിയിൽ നിന്നൊരു സ്റ്റേ വാങ്ങാം. ഒരു തലമുറക്കാലം കഴിഞ്ഞാലും ആ സ്റ്റേക്ക് ഇളക്കം വരാറില്ല. പക്ഷേ ദൽഹിയിൽ നിയമം നടപ്പാക്കുന്നത് സാക്ഷാൽ സുപ്രീം കോടതിയുടെ കല്പനപ്രകാരമാകയാൽ കോടതിയിൽ ഓടിക്കയറുക അസാധ്യമായി തീർന്നു. അതിനാൽ പണക്കാർ രാഷ്ട്രീയക്കാരെ പിടിച്ചു. പണക്കാർക്ക് രാഷ്ട്രീയമില്ല. ഭരണപക്ഷവും പ്രതിപക്ഷവും അവരുടെ പോക്കറ്റിലൊതുങ്ങും. അങ്ങനെ പാർലിമെന്റ് ഏകകണ്ഠമായി നിയമത്തിന്നെതിരെ ഒരു നിയമം പാസ്സാക്കി.

അഞ്ചുകൊല്ലം മുമ്പ് നായനാരുടെ ഗവർമ്മേണ്ട്, ആദിവാസികളുടെ ഭൂമി ആദിവാസികൾക്ക് വീണ്ടെടുത്തുകൊടുക്കണമെന്ന നിയമത്തെ അട്ടിമറിക്കാൻ നിയമം പാസ്സാക്കിയതുപോലെയുള്ള ഒരു വിദ്യയാണിത്. നായനാരുടെ നിയമം കോടതി അസാധുവാക്കി. പക്ഷേ പാർലിമെന്റ് പാസ്സാക്കിയ നിയമധ്വംസന നിയമം ഒരുകൊല്ലത്തേക്കു മാത്രമുള്ളതാണ്. കോടതികൾ നൽകാറുള്ള സ്റ്റേ ഓർഡറുകളുടെ മറ്റൊരു രൂപം. അതുകൊണ്ട് അത് അസാധു

വാക്കപ്പെടാനിടയില്ല. ഒരുകൊല്ലം കഴിയുമ്പോൾ വീണ്ടും ഒരുകൊല്ലത്തേക്കുകൂടി നിയമം നീട്ടാവുന്നതേയുള്ളൂ. അതങ്ങനെ അനന്തമായി നീണ്ടുപോകും. കോടതികളുടെ സ്റ്റേ ഓർഡർപോലെതന്നെ.

കഴിഞ്ഞ ആറുമാസമായി മുനിസിപ്പൽ അധികൃതർ അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന തിരക്കിലായിരുന്നു. പാർലിമെന്റ് ദോശചുട്ടെടുക്കുന്നതുപോലെ പെട്ടെന്നൊരു നിയമം പാസ്സാക്കുകയും തിരക്കുപിടിച്ച് അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തതോടെ പണക്കാർ ഒരു ആശ്വാസനിശ്വാസം വിട്ടിരിക്കണം. പക്ഷെ നിയമത്തെ മാനിക്കുന്ന ഭൂരിപക്ഷം വരുന്ന പൗരൻമാർ അമ്പരന്നു നിൽക്കുകയാണ്. നിയമലംഘകർക്ക് ഇങ്ങനെ ഒരു സഹായഹസ്തം നീട്ടേണ്ടകാര്യമെന്താണ്? ഭരണമുന്നണിയുടെ മിനിമം പരിപാടിയിൽ നിയമലംഘകരെ സഹായിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ? ഇതിന്നകം പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുമോ? ഈ നിയമലംഘകരിൽ 90 ശതമാനവും കോടീശ്വരൻമാരാണ്. പുറംപോക്കിലൊരു കുടിൽവച്ച് കെട്ടുക എന്നതാണ് പാവങ്ങൾ നടത്തുന്ന ഏറ്റവും വലിയ നിയമലംഘനം. പണക്കാരാകട്ടെ, സകലനിയമങ്ങളേയും ലംഘിച്ചുകൊണ്ട് ആകാശചുംബികൾ പണിതുയർത്തുന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാർ അതിന്നു കൂട്ടുനിൽക്കുന്നു. ഉദ്യോഗസ്ഥൻമാർക്ക് പതിനായിരമോ ഇരുപതിനായിരമോ നൽകിയാൽ എലക്ട്രിക് കണക്ഷൻകിട്ടും; വാട്ടർ കണക്ഷൻ കിട്ടും. നികുതിയടച്ചതിന്റെ രശീതി കിട്ടും. പിന്നെ കോടതിയെപോലും പേടിക്കാനില്ല. ദൽഹിയിൽ ഇങ്ങനെ നിയമവിരുദ്ധമായി നിർമ്മിക്കപ്പെട്ട 18,000 കെട്ടിടങ്ങളുണ്ടെന്നാണ് കോടതിയെ ബോധിപ്പിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാതാക്കളെ മാത്രമല്ല, അതിന്നരുനിന്ന ഉദ്യോഗസ്ഥൻമാരേയും ശിക്ഷിക്കണമെന്നാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ ഈ തീരുമാനത്തിന്നെതിരെയാണ് പാർലിമെന്റിപ്പോൾ നിയമനിർമ്മാണം നടത്തിയിരിക്കുന്നത്.

നിയമലംഘനം അനാദികാലം മുതൽക്കുള്ളതാണെന്നും അതെല്ലാം ഇടിച്ചുനിരത്താനാവില്ലെന്നതുമാണ് ഗവർമ്മേണ്ട് ഇപ്പോൾ പറയുന്നത്. അടുത്ത ഒരുകൊല്ലംകൊണ്ട് മാപ്പാക്കാവുന്ന നിയമലംഘനം വേർതിരിച്ചെടുക്കുമത്രെ. മാപ്പാക്കാവുന്നതെന്നും പാടില്ലാത്തതെന്നും വേർതിരിക്കുന്നത് ഇതേ ഉദ്യോഗസ്ഥൻമാർ തന്നെയായിരിക്കും. അഴിമതിക്കാർക്ക് കൊയ്തുക്കാലം എന്നർത്ഥം.

ഇതുവരെ നടന്ന നിയമലംഘനങ്ങൾക്ക് കൂട്ടുനിന്നവരെ കണ്ടുപിടിച്ച് ശിക്ഷിക്കാൻ നടപടിയെടുക്കണമെന്ന് ഗവർമ്മേണ്ട് പറഞ്ഞിട്ടില്ല. ആ വഴിക്കു ചിന്തപോലും പോയിട്ടില്ല. ഇനി നിയമലംഘനം നടക്കാതിരിക്കാൻ എന്തു ചെയ്യുമെന്നും ഗവർമ്മേണ്ട് വ്യക്തമാക്കിയിട്ടില്ല. പുതിയ നിയമത്തിൽ പറയുന്ന ഒരു കൊല്ലത്തിന്നകം കാര്യമൊന്നും നടന്നില്ലെങ്കിൽ എന്തുണ്ടാകുമെന്നും ഗവർമ്മേണ്ട് പറയുന്നില്ല. നിയമലംഘകർക്കെതിരായ നടപടികൾ നിർത്തിവയ്ക്കുക എന്നതിനപ്പുറം ഗവർമ്മേണ്ടിന്ന് എന്തെങ്കിലും ലക്ഷ്യമുള്ളതായും കാണുന്നില്ല.

ഒരു ജനാധിപത്യത്തിൽ ഭരണകൂടം, നിയമലംഘകരുടെ പക്ഷം പിടിക്കുമ്പോൾ, അതിന്നെതിരെ രംഗത്തിറങ്ങേണ്ടത് പൗരൻമാരുടെ കടമയാണ്. ഏതൊരു ഗവർമ്മേണ്ടിന്റേയും അടിസ്ഥാനപരമായ ചുമതല നിയമപാലനമാണ്; മറ്റെല്ലാം അതുകഴിഞ്ഞേ വരൂ. ❑

# മതേതരത്വം നേരിടുന്ന വെല്ലുവിളികൾ

**- അസ്ഘർ അലി എഞ്ചിനിയർ -**

ഭരണഘടനാപരമായി ഇന്ത്യയൊരു മതേതര ജനാധിപത്യ രാഷ്ട്രമാണ്. പക്ഷേ പ്രയോഗത്തിൽ നമുക്ക് പല പ്രശ്നങ്ങളേയും നേരിടേണ്ടിവരുന്നുണ്ട്. മൊത്തത്തിൽ പറഞ്ഞാൽ, ഇന്ത്യയുടേത് ഒരു മോശപ്പെട്ട റെക്കോഡല്ല. വർഗ്ഗീയ-മതമൗലിക ശക്തികൾ പലപ്പോഴും കയ്യേറ്റങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇന്ത്യ അതിന്റെ മതേതര ജനാധിപത്യ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല. 1960 കളുടെ ആരംഭം മുതൽ ഇന്ത്യയിൽ വർഗ്ഗീയ കലാപങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നുണ്ടെങ്കിലും ബി.ജെ.പി. അതിന്റെ രാമക്ഷേത്ര പ്രസ്ഥാനം ആരംഭിച്ചതോടെയാണ് വർഗ്ഗീയ സ്ഥിതി വഷളായത്. രാമക്ഷേത്രപ്രശ്നം രാജ്യത്തെ വർഗ്ഗീയാടിസ്ഥാനത്തിൽ ധ്രുവീകരിച്ചു; ഇന്ത്യാ വിഭജന കാലത്തുണ്ടായതിനേക്കാൾ സ്ഥിതി വഷളാക്കാൻ അതിടയാക്കി.

കഴിഞ്ഞ നൂറ്റാണ്ടവസാനത്തിൽ ബാബറി മസ്ജിദ് പൊളിച്ച സംഭവം ഇന്ത്യൻ മതേതരത്വത്തിനേറ്റ കനത്തൊരു പ്രഹരമായിരുന്നു. ബാബറി മസ്ജിദ് ഇന്ത്യൻ മതേതരത്വത്തിന്റെ ഒരു പ്രതീകമായി മാറി. ഇന്ത്യയിൽ മതേതരത്വമെന്നു പറഞ്ഞാൽ നാനാത്വമല്ലാതെ മറ്റൊന്നുമല്ല. മതപരവും സാംസ്കാരികവും ഭാഷാപരവുമായ ഇന്ത്യയുടെ നാനാത്വത്തിന്ന് ആയിരക്കണക്കിന്ന് കൊല്ലങ്ങളുടെ പഴക്കമുണ്ട്. നമ്മുടെ ജനങ്ങളുടെ സഹിഷ്ണുതാമനോഭാവംകൊണ്ടാണ് മതപരവും സാംസ്കാരികവുമായ നാനാത്വം ഇവിടെ പുലർന്നു പോന്നത്. മധ്യകാലഘട്ടത്തിൽ ഒരിക്കൽ പോലും ഇവിടെ വർഗ്ഗീയകലാപങ്ങളുണ്ടായിട്ടില്ലെന്നത് ശ്രദ്ധേയമാണ്. വർഗ്ഗീയതയും വർഗ്ഗീയ കലാപവും ഇവിടുത്തെ ഒരാധുനിക പ്രതിഭാസമാണ്.

കൊളോണിയൽ കാലഘട്ടത്തിൽ ഇരു സമുദായങ്ങളിലേയും പ്രമാണി വർഗ്ഗങ്ങൾ തമ്മിൽ അധികാരത്തിന്നുവേണ്ടിയുള്ള മത്സരം ആരംഭിച്ചു. ഈ പ്രമാണി വർഗ്ഗങ്ങൾ ബഹുജനപിന്തുണ നേടിയെടുക്കുന്നതിനായി തങ്ങളുടെ സമുദായാംഗങ്ങളുടെ മതവികാരങ്ങളെ ഊതികത്തിച്ചു. ഇരു സമുദായങ്ങളിലേയും രാഷ്ട്രീയ നേതാക്കൾക്ക് മതവികാരം പ്രബലമായ കരുക്കളായിത്തീർന്നു. മതവികാരങ്ങളെ അവർ പരമാവധി ചൂഷണം ചെയ്യുകയുമുണ്ടായി. വർഗ്ഗീയ കലാപത്തിന്ന് മതവുമായൊരു ബന്ധവുമില്ലെങ്കിലും, ഉണ്ടെന്ന് തോന്നിപ്പിച്ചു.

സ്വാതന്ത്ര്യ പ്രാപ്തിക്കുമുമ്പ് ഹിന്ദുമഹാസഭയുടേയും മുസ്ലീം ലീഗിന്റേയും നേതാക്കൻമാർ മതപ്രഭാഷണങ്ങളിലൂടെ അനുയായികളെ ഇളക്കി. തങ്ങളുടെ സമുദായങ്ങളിൽപെട്ടവർക്കിടയിൽ മതപരമായ അസ്വാസ്ഥ്യം ജനിപ്പിക്കാൻ അവർക്കു കഴിഞ്ഞു. ജിന്ന ഒരു ആധുനിക ലിബറലും വ്യവസ്ഥാപിത രീതികളുടെ വക്താവുമായിരുന്നു. എന്നാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി തൃപ്തികരമായൊരു രാഷ്ട്രീയ ധാരണയിലെത്തുന്നതിൽ പരാജയപെട്ടതോടെ അദ്ദേഹം മുസ്ലീമുകളെ തന്റെ പിന്നിൽ അണിനിരത്താനായി മതവാദങ്ങൾ എടുത്തിട്ടു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 1951 ൽ രൂപീകൃതമായ ജനസംഘം ലോകസഭാ—നിയമസഭാ തിരഞ്ഞെടുപ്പുക

ളിൽ വോട്ടുനേടുന്നതിനായി ഹൈന്ദവ വികാരത്തെ ഇളക്കിവിടാൻ തുടങ്ങി. സാധാരണ മതപ്രസംഗംകൊണ്ട് വലിയകാര്യമൊന്നുമില്ലെന്ന് കണ്ടപ്പോൾ, ഹിന്ദുമതത്തിലെ എല്ലാ ജാതിക്കാരേയും ഇളക്കിവിടാൻ പറ്റിയ ഉപകരണമായി അവർ രാമക്ഷേത്രത്തെ കണ്ടെത്തി. എൽ.കെ. അദ്വാനി വലിയ വീറോടും വാശിയോടും കൂടിയാണ് 1980 കളുടെ ഒടുവിൽ രാമജന്മഭൂമി പ്രസ്ഥാനം ആരംഭിച്ചത്. രാഷ്ട്രീയമായി അത് കനത്തസമ്പാദ്യമാണ് ഉണ്ടാക്കികൊടുത്തത്. ഒരു ടയോട്ടയിൽ നിർമ്മിക്കപ്പെട്ട രാമരഥത്തിലേറി അദ്ദേഹം അധികാരത്തിലെത്തി.

രാമജന്മഭൂമി പ്രസ്ഥാനം ഹിന്ദുക്കൾക്കും മുസ്ലീമുകൾക്കുമിടയിൽ കടുത്ത ധ്രുവീകരണം സൃഷ്ടിച്ചു. അതിപ്പോഴും തുടരുകയാണ്. അടിസ്ഥാനപരമായി പറഞ്ഞാൽ, ബി.ജെ.പി. യുടെ വർഗ്ഗീയവായാടിത്തമാണ് 2002ലെ ഗുജറാത്ത് കൂട്ടക്കൊലക്ക് കാരണമായത്. അന്ന് നിർദ്ദോഷികളായ രണ്ടായിരത്തിൽ പരം പേർ കൊല്ലപ്പെട്ടു; നൂറുകണക്കിനു സ്ത്രീകൾ ബലാൽസംഗത്തിന്നിരയായി; പലരേയും അങ്ങേയറ്റം കിരാതമായ നിലയിലാണ് കൊന്നുകളഞ്ഞത്. ഗുജറാത്തിൽ ഹിന്ദുത്വം മോഡിത്വമായി രൂപാന്തരപ്പെട്ടു; എന്തുകൊണ്ടെന്നാൽ, ഈ കൂട്ടകൊലക്ക് പ്രധാനമായും ഉത്തരവാദപ്പെട്ടിരിക്കുന്നത് നരേന്ദ്രമോഡിയാണ്.

ബി.ജെ.പി. യുടെ രാഷ്ട്രീയമല്ല നമുക്കിവിടെ ചർച്ചാവിഷയം. രാഷ്ട്രീയ വിദ്യാർത്ഥികൾക്കെല്ലാം അത് സുവിദിതമാണല്ലോ. നമ്മെ വ്യാകുലപ്പെടുത്തുന്നത് മതനേതാക്കൻമാരുടെ പ്രതികരണമാണ്; അഥവാ പ്രതികരണമില്ലായ്മയാണ്. ഇന്ത്യയിലെ മതനേതാക്കൾ പൊതുവേയും ഗുജറാത്തിലെ മതനേതാക്കൾ പ്രത്യേകിച്ചും എങ്ങനെ പ്രതികരിച്ചുവെന്നതാണ്. മതനേതാക്കൾ വഹിച്ച സംശയാസ്പദമായ പങ്കാണ് മതത്തിന്ന് ചീത്തപ്പേരുണ്ടാക്കിയത്. രാഷ്ട്രീയ നേതാക്കൻമാർ രാഷ്ട്രീയ നേട്ടങ്ങൾക്കായി മതഭ്രാന്ത് ഇളക്കിവിടുകയാണിവിടെ ചെയ്യുന്നത്.

മതനേതാക്കകളിൽ പലരും വർഗ്ഗീയവാദികളുമായി സജീവമായി സഹകരിക്കുന്നുണ്ട്; അല്ലാത്തവർ മതത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുന്നതിനെതിരെ മൗനം പാലിക്കുന്നു. തന്മൂലം ജനങ്ങളുടെ ദൃഷ്ടിയിൽ രാഷ്ട്രീയക്കാരല്ല, മതനേതാക്കളാണ് കുറ്റക്കാരായി കാണപ്പെടുന്നത്. മതത്തെ തനതായെടുത്താൽ, അത് വർഗ്ഗീയവിദ്വേഷമുണ്ടാക്കുന്നില്ല. മതം ഒരു ഉപകരണമാണ്. അത് നല്ലതിനായും ചീത്തക്കായും ഉപയോഗിക്കാം.

അടിസ്ഥാനപരമായി പറഞ്ഞാൽ, ജനങ്ങൾക്ക് ആത്മീയമായ മാർഗ്ഗദർശനം നൽകാനുള്ളതാണ് മതം. അതിനാൽ സമാധാനത്തിന്റേയും സാമൂഹ്യനീതിയുടേയും വലിയൊരു ഉറവിടമാണത്. വിമോചന ദൈവശാസ്ത്രം ചെയ്തതുപോലെ, സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് മതം പ്രബലമായൊരു പോംവഴിയാകാം. എന്നാൽ സംഭവിക്കുന്നത് മറിച്ചാണ്. പ്രബലരായ നിക്ഷിപ്ത താൽപര്യക്കാർ മതത്തെ കരുവായി ഉപയോഗിക്കുന്നു. മതനേതാക്കളാകട്ടെ, ഈ നിക്ഷിപ്ത താൽപര്യങ്ങളുടെ ഒരു ഭാഗമായിതീരുന്നു. അതിന്നപ്പുറം മതനേതാക്കളും പുരോഹിതൻമാരുംതന്നെ പ്രബലമായ സ്ഥാപനങ്ങൾ സൃഷ്ടിച്ച്, ആ സ്ഥാപനങ്ങളുടെ രക്ഷക്കായി രാഷ്ട്രീയക്കാരുമായി കൈകോർക്കുന്നു.

യഥാർത്ഥമായും മതോന്മുഖനായ ഒരാൾ എന്നും സ്ഥാപനങ്ങൾക്കെതിരായിരിക്കും. ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്, ഗുരുനാനാക്, കബീർ തുടങ്ങിയവരെല്ലാം അക്കാലത്തെ സ്ഥാപനങ്ങൾക്കെതിരെ പോരാടിയവരാണ്. എന്നാൽ ഇവരുടെയെല്ലാം പിൻഗാമി

കൾ വമ്പിച്ച സ്ഥാപനങ്ങൾ പടുത്തുയർത്തി. അവ സമാധാനത്തിന്റെ ഉറവിടങ്ങളെന്നതിനേക്കാൾ സംഘർഷങ്ങളുടെ ഉറവിടങ്ങളായി തീർന്നു. ഒരാൾക്ക് യഥാർത്ഥ മതാത്മകത യുണ്ടാകണമെങ്കിൽ, അയാൾ സകല നിക്ഷിപ്ത താൽപര്യങ്ങളും കൈവെടിയേണ്ടതുണ്ട്. അധികാരത്തിന്നും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള എല്ലാ പ്രലോഭനങ്ങളേയും അയാൾ അതിജീവിക്കണം.

വർഗ്ഗീയകലാപങ്ങളുണ്ടാകുമ്പോൾ വിവിധമതമേധാവികൾ അതിൽ സജീവമായ പങ്കാളികളാകുകയോ അല്ലെങ്കിൽ മൗനം പാലിക്കുകയോ ചെയ്യുന്നുവെന്നത് അത്യന്തം വേദനാജനകമാണ്. ഗുജറാത്തിൽ കൂട്ടക്കശാപ്പു നടന്നപ്പോഴും സംഭവിച്ചത് മറിച്ചല്ല. മഹനീയമായ അല്പംചില അപവാദങ്ങളൊഴിച്ചാൽ മറ്റു മതനേതാക്കൻമാരെല്ലാം മൗനം പാലിച്ചു. നരേന്ദ്രമോഡിയെപോലുള്ള രാഷ്ട്രീയക്കാർ ഹൈന്ദവ വികാരങ്ങളെ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി പരമാവധി ചൂഷണം ചെയ്തു. വാസ്തവത്തിൽ ആയിരക്കണക്കിനാളുകളെ കശാപ്പുചെയ്തുകൊണ്ടാണ് മോഡി വീണ്ടും അധികാരത്തിലെത്തിയത്.

പല മതങ്ങളും പല സംസ്കാരങ്ങളുമുള്ള രാജ്യമാണ് ഇന്ത്യയെന്ന് ആദ്യം പറഞ്ഞു. മതനേതാക്കൻമാർ മതപരവും ആത്മീയവുമായ മൂല്യങ്ങൾ വളർത്താൻ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ചാൽ മാത്രമേ ആധുനിക മതേതര ജനാധിപത്യത്തിന്നിവിടെ നിലനിൽക്കാൻ കഴിയൂ. ആഗോളവൽക്കരണം അതിന്റേതായ സമ്മർദ്ദങ്ങൾ ഉളവാക്കുന്നുണ്ട്. അത് മതമൂല്യങ്ങളേയും സംസ്കാരത്തേയും നാനാവിധമാക്കികളയുന്നു. ആഗോളവൽക്കരണത്തിന്റേതായ ഈ കാലഘട്ടത്തിൽ നമുക്ക് നമ്മുടെ മതമൂല്യങ്ങളിൽ ഉറച്ചുനിന്നേ തീരൂ.

ഇന്ത്യൻ നാനാത്വത്തിന്നുമാത്രമേ നമ്മുടെ അമൂല്യമായ സമ്പത്തായിതീരാൻ കഴിയൂ. മറ്റുള്ളവരോടുള്ള സഹിഷ്ണുത, ആദരം, സഹാനുഭൂതി എന്നിവയിൽ അധിഷ്ഠിതമായ മതമാണ് നമുക്കാവശ്യം. ഇന്ത്യയിലെ മതനേതാക്കൾ ഒത്തുകൂടുകയും പൊതുവായ മതമൂല്യങ്ങൾ വളർത്തിയെടുക്കാൻ തീരുമാനിക്കുകയും വേണം. നാം ആത്മാർത്ഥമായി ചിന്തിക്കുന്നപക്ഷം, നമ്മുടെ മതങ്ങൾക്ക് പൊതുവായി പല മൂല്യങ്ങളുമുള്ളതായികാണാം. എല്ലാ മതങ്ങൾക്കും പൊതുവായിട്ടുള്ള എട്ടു മൂല്യങ്ങളെങ്കിലുമുണ്ട്. അവ-(1) നീതി (2) സമാധാനം (3) സമത്വം (4) സ്നേഹം (5) സഹാനുഭൂതി (6) അഹിംസ (7) സത്യം (8) മനുഷ്യന്റെ അന്തസ്സ്.

അതിന്നുംപുറമെ, ഒന്നിച്ചുജീവിച്ച മഹത്തായൊരു പാരമ്പര്യം നമുക്കുണ്ട്. അത് ഇന്ത്യൻ സംസ്കാരത്തിന്ന് കനത്ത സംഭാവനകൾ നൽകുകയുണ്ടായി. ഇന്ത്യൻ സംസ്കാരം, അടിസ്ഥാനപരമായി ഒരു സങ്കര സംസ്കാരമാണ്. ഈ സങ്കരസംസ്കാരത്തെ കൂടുതൽ സമ്പന്നവും ശക്തവുമാക്കിമാറ്റാൻ നാം ശ്രമിക്കേണ്ടതുണ്ട്. നമ്മുടെ മത പാരമ്പര്യങ്ങൾ അതിന്നു തടസ്സമല്ല. നൂറ്റാണ്ടുകളായി നമുക്കു പലതും പൊതുവായിട്ടുണ്ടായിരുന്നു. പൊതുവായ ഈ പാരമ്പര്യങ്ങളും മൂല്യങ്ങളുമെല്ലാം ഒരുപിടി രാഷ്ട്രീയക്കാർ നശിപ്പിച്ചുകളയുന്നത് അനുവദിക്കാവുന്നതല്ല.

വെറുപ്പും അസഹിഷ്ണുതയും വളർത്തുന്നവർ സമുദായത്തിന്നുവേണ്ടി നിലകൊള്ളുന്നവരല്ലെന്ന് മതനേതാക്കൻമാർ തങ്ങളുടെ അനുയായികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സങ്കുചിത വിഭാഗീയ താല്പര്യങ്ങളൊന്നുമില്ലാത്ത മതനേതാക്കൻമാർ മുന്നോട്ട് വരികയും ഹിംസക്കും അസത്യത്തിന്നുമെതിരെ ഉറച്ച നിലപാട് സ്വീകരിക്കുകയും വേണം. മതനേതാക്കളുടെ വേഷം

⮩ പേജ് 19

# വനിതാ പ്രാതിനിധ്യം നെല്ലിപ്പടി കണ്ടു

ലോകസഭയിലും നിയമസഭക ളിലും സീറ്റിൽ 33 ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യണ മെന്ന കാര്യത്തിൽ എല്ലാ പാർട്ടികളും ഏകാഭിപ്രായക്കാരാണ്; അതെങ്ങനെ വേണമെന്നതിലേ തർക്കമുള്ളൂ. എന്നാൽ ഈയിടെ കേരള നിയമസഭ യിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ജയി ച്ചത് ഏഴു സ്ത്രീകൾ മാത്രമാണ്— അഞ്ചു ശതമാനം.

സ്വതന്ത്രരടക്കം എഴുപതു സ്ത്രീകൾ തിരഞ്ഞെടുപ്പിൽ മൽസരിച്ചിരുന്നു. പാർട്ടി ടിക്കറ്റിൽ ഏറ്റവുമധികം സ്ത്രീകളെ നിർത്തിയത് ബി.ജെ.പി. യാണ് — 11 പേർ. എല്ലാവരും തോറ്റു. ബി.എസ്.പി ടിക്കറ്റിൽ ആറുപേർ മൽസരിച്ചു; ആറുപേരും തോറ്റു.

ഗൗരവബുദ്ധിയോടെ സ്ത്രീകളെ മൽസരരംഗത്തിറക്കിയത് മാർക്സിസ്റ്റു പാർട്ടിയാണ് — ഒമ്പതുപേർ. അവരിൽ ആറുപേരും ജയിച്ചു. കോൺഗ്രസ്സ് നാലുപേർക്ക് മാത്രമേ ടിക്കറ്റ് നൽകി യുള്ളൂ— നാലുപേരും തോറ്റു. സി. പി.ഐ. യുടെ ടിക്കറ്റിൽ മൽസരിച്ച രണ്ടുപേരിൽ ഒരാൾ ജയിച്ചു.

1996 ലെ തിരഞ്ഞെടുപ്പിൽ 55 സ്ത്രീകൾ മൽസരിച്ചിരുന്നു; 2001 ൽ 52 പേരാണ് മൽസരിച്ചത്. ഇത്തവണ ബി.ജെ.പി. യും ബി.എസ്.പി. യും ഒട്ടേറെ സ്ത്രീകളെ മൽസരരംഗത്തിറ ക്കിയതിനാൽ വനിതാസ്ഥാനാർത്ഥി കളുടെ എണ്ണം 70 ആയി ഉയർന്നിരു ന്നു. 1982ൽ 19 പേരും 1987ൽ 21 പേരും 1991ൽ 27 പേരുമാണ് മൽസരിച്ചിരുന്ന ത്. എന്നാൽ ജയിച്ചവരുടെ എണ്ണം നോക്കിയാൽ കഴിഞ്ഞ രണ്ടു ദശക ങ്ങൾക്കിടയിൽ ഏറ്റവും കുറച്ചുപേർ ജയിച്ചത് ഇത്തവണയാണ്.

പ്രതിപക്ഷത്ത് ഇത്തവണ പേരിന്നു പോലും ഒരു സ്ത്രീ ഉണ്ടാവില്ലെന്ന താണ് മറ്റൊരു പ്രത്യേകത; ജയിച്ചവ രെല്ലാം ഇടതുമുന്നണിയിൽ പെട്ടവരാ ണ്. സ്ഥിരമായി ജയിച്ചുവരാറുള്ള ഗൗരിയമ്മപോലും ഇത്തവണ തോറ്റു പോയി.

ആരോഗ്യമന്ത്രി പി.കെ. ശ്രീമതി, കൊട്ടാരക്കരയിൽ ബാലകൃഷ്ണപി ള്ളയെ തോൽപ്പിച്ച ഐഷാപോറ്റി എന്നിവരാണ് ജയിച്ച വനിതകളിൽ പ്രമു ഖർ. കെ.കെ. ലളിത (മേപ്പയൂർ) ഇ. എസ്സ്. ബിളിമോൾ (പീരുമേട്), കെ.കെ. ശൈലജ (പേരാവൂർ), കെ.എസ്. സലീഖ (ശ്രീകൃഷ്ണപുരം), ജെ. അരു ന്ധതി (വാമനപുരം) എന്നിവരാണ് ജയിച്ച മറ്റുള്ളവർ. ❑

---

***മതേതരത്വം നേരിടുന്ന ................***

കെട്ടുന്ന രാഷ്ട്രീയക്കാരും അവരുടെ വൈതാളികരും മതത്തിന്റെ പേരിൽ ഹിംസയേയും അസത്യത്തേയും ചൂഷണം ചെയ്യുന്നത് തടയേണ്ടതുണ്ട്.

അൽബേനിയയിലെ മതനേതാ ക്കൻമാർ ഈയിടെ ഒത്തുകൂടി പൊതുവായ ധാർമ്മിക പ്രതിജ്ഞ എന്നൊരു പ്രസ്താവന ഇറക്കിയത് പ്രചോദനാത്മകമായൊരു മാതൃകയാ ണ്. മുസ്ലീമുകൾ, ഓർത്തഡോക്സ് സഭ, കത്തോലിക്കാസഭ, ബക്ടാഷ് സമൂഹം എന്നിവയുടെ നേതാക്കളാണ് സമ്മേളനത്തിൽ സംബന്ധിച്ചത്. തങ്ങ ളുടെ മതപരവും ആത്മീയവുമായ പാര മ്പര്യങ്ങൾക്ക് പല മൂല്യങ്ങളും പൊതു വായുണ്ടെന്നും പൊതുവായ ഈ മൂല്യ ങ്ങൾ പരസ്പര ബഹുമാനത്തിന്നും സഹകരണത്തിന്നും ഒന്നിച്ചുള്ള ജീവി തത്തിന്നുമുള്ള ആധികാരികമായ അടി സ്ഥാനമാണെന്നും പ്രസ്താവനയിൽ പറയുന്നു. ❑

# നുണ പറയുന്നവരും നുണ പറയിക്കുന്നവരും

ഒരാൾ കോടതിയിൽ നുണ പറയുന്നത് പലകാരണങ്ങളാലാകാം. സത്യം പറഞ്ഞാൽ കൊന്നുകളയുമെന്ന ഭീഷണിയുടെ മുന്നിൽ പതറാത്ത സാക്ഷികൾ കുറവായിരിക്കും. അത്ര കണ്ട് പോകാൻ കഴിവില്ലാത്തവർ പ്രലോഭനങ്ങളിലൂടെ സാക്ഷികളെ പാട്ടിലാക്കാറുണ്ട്. പലവിധ സമ്മർദ്ദ തന്ത്രങ്ങൾകൊണ്ട് സാക്ഷികളെ വശത്താക്കുന്നവരും കുറവല്ല.

കള്ള സത്യം പറയുന്നവരെ കോടതികൾ ശിക്ഷിക്കും. എന്നാൽ നുണ പറയാൻ സാക്ഷികളെ നിർബന്ധിക്കുന്നവരുടെ കാര്യത്തിൽ കോടതികൾക്ക് ഒന്നും ചെയ്യാനാവില്ല. പ്രധാനപ്പെട്ട പല ക്രിമിനൽ കേസുകളും ചീറ്റിപോകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ക്രിമിനൽ കേസുകളിൽ കോടതിയുടെ കണ്ണും കാതും സാക്ഷികളാണ്. അതു രണ്ടും കുത്തിപൊട്ടിച്ചുകളയുന്നവരെ കൈകാര്യം ചെയ്യാൻ സാധിക്കാത്തിടത്തോളം കാലം ക്രിമിനൽ നീതിന്യായം പാടെ പരാജയപ്പെടുകയേയുള്ളൂ. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും അതാണ്. ഈ സാഹചര്യത്തിൽ ഗുജറാത്തിലെ ബസ്റ്റ് ബേക്കറി കേസിലെ വിധിന്യായത്തിലെ ചില ഭാഗങ്ങൾ അത്യന്തം ശ്രദ്ധേയമാണ്.

ബെസ്റ്റ് ബേക്കറി കേസിന്റെ പുനർവിചാരണ നടത്തിയ മുംബായ് അഡീഷണൽ സെഷൻസ് ജഡ്ജി എ.എം. തിപ്സയുടെ വിധിന്യായത്തിൽ നിന്ന്:

"കാലുമാറിയ സാക്ഷികളുടെ വിചാരണ അസ്വാസ്ഥ്യജനകമായ ചിലകാര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. കാലുമാറിയ സാക്ഷികൾ പറയുന്നതെല്ലാം നുണയാണെന്നു വ്യക്തം. വഡോദരയിൽ നിന്നുള്ള ചില ആളുകൾ ഇവരെ സജീവമായി സഹായിക്കുകയും പിന്തുണക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ധനപരമായ ആവശ്യങ്ങളെല്ലാം നോക്കിയത് അവരാണ്; സാക്ഷികളുടെ വക്കീലിന്റെ ചെലവ് വഹിച്ചതും അവരാണ്. അഡ്വ. അതുൽ മിസ്ത്രി ഈ സാക്ഷികളോടൊപ്പം വരാറുണ്ടായിരുന്നു; അവരുടെ വിചാരണ വേളയിൽ കോടതിയിൽ തങ്ങാറുണ്ട്".

[മുഖ്യ സാക്ഷിയായ സഹീറ, സഹോദർമാരായ നതീഫുള്ള, സഹോദരി സഹീറ ബാനു, അമ്മ സഹീറുന്നിസ എന്നിവരാണ് കാലുമാറിയ സാക്ഷികൾ].

അഡ്വ. അതുൽ മിസ്ത്രിയെ താനറിയില്ലെന്ന് നസീബുള്ള പറയുന്നു. തന്റെ സഹോദരനാണ് മിസ്ത്രിയെ പരിചയപ്പെടുത്തിയതെന്നാണ് അയാൾ പറയുന്നത്. വക്കീലിന്റെ ഫീസെല്ലാം നല്കിയത് കാലുമാറിയ സാക്ഷികളാരുമല്ല. "ജന അധികാർ സമിതി" യാണ്. സഹോദരൻ നഫീതുള്ള പറയുന്നതാകട്ടെ, തനിക്കും മറ്റുള്ളവർക്കും വക്കീൽ മിസ്ത്രിയെ ഏർപ്പെടുത്തിതന്നത് ജന അധികാർ സമിതിയാണെന്നാണ്. സഹീറയും താനും അഡ്വ: മിസ്ത്രിയെ കണ്ടത്, കേസിന്റെ പുനർവിചാരണ ആരംഭിച്ചശേഷം, വഡോദരയിൽ സഹീറ പത്ര സമ്മേളനം നടത്തിയ ദിവസമാണെന്നും നഫീതുള്ള പറയുന്നു.

അഡ്വ: മിസ്ത്രി തന്റെ വക്കീലാണെന്ന് സഹീറ പറയുന്നുണ്ടെങ്കിലും അഡ്വ: മിസ്ത്രിയെ താൻ കണ്ടിട്ടില്ലെന്നാണവർ പറയുന്നത്. ഒരു വക്കീലിനെ ഏർപ്പെടുത്തേണ്ട ആവശ്യം എന്താണെന്നു പറയാൻ സഹീറക്ക് കഴിയു

ന്നില്ല എന്നതാണ് ഇതിലെ രസകരമായ വശം. ഒരു സാക്ഷിക്ക് എന്തിനാണൊരു വക്കീലെന്ന് ആവർത്തിച്ച് ചോദിച്ചിട്ടും സഹീറക്ക് മറുപടി നൽകാൻ കഴിഞ്ഞില്ല. ഈ കോടതിയിൽ ഹാജരാകാൻ സഹീറയോട് ആവശ്യപ്പെട്ടത് അഡ്വ: മിസ്ത്രിയാണെന്ന് പറയുന്നുണ്ട്; അതായത് സഹീറ അങ്ങനെ പറയുന്നുണ്ട്. സഹീറയും മൂന്നു പോലീസുകാരും വഡോദരയിൽനിന്ന് മുംബായിലേക്ക് യാത്ര ചെയ്തത് അഡ്വ: മിസ്ത്രി ഏർപ്പാടുചെയ്ത വാഹനത്തിലാണ്. പോട്രോളിന് സഹീറ പണമൊന്നും നൽകിയിട്ടില്ല; ഡ്രൈവർക്കും പണം നൽകിയിട്ടില്ല.

സഹീറയുടെ അമ്മ സഹീറുന്നിസയും അഡ്വ: മിസ്ത്രി തന്റെ വക്കീലാണെന്ന് പറയുന്നുണ്ട്. തെളിവു നൽകാനായി മുംബായിക്കുവന്നത് പോലീസ് വണ്ടിയിലാണെന്നും, വണ്ടിയിൽ മുന്നു പോലീസുകാരും ഒരു വനിതാ പോലീസും വക്കീലും ഉണ്ടായിരുന്നുവെന്നും അവർ പറയുന്നു.

സഹീറയെ ചോദ്യം ചെയ്തപ്പോൾ, അവർക്ക് പോലീസ് സംരക്ഷണമുണ്ടായിരുന്നതായി വ്യക്തമായിട്ടുണ്ട്. പോലീസ് സംരക്ഷണ കാര്യത്തിൽ നടുക്കുന്ന, അത്ഭുതപ്പെടുത്തുന്ന പല ക്രമക്കേടുകളും കണ്ടു. വിചിത്രമെന്നു പറയട്ടെ, സഹീറക്കും മറ്റ് സാക്ഷികൾക്കും മുംബായ് പോലീസിന്റെ സംരക്ഷണം വേണ്ടെന്നാണ് പറഞ്ഞത്. സഹീറയോടൊപ്പം വനിതാപോലീസ് ഉണ്ടായിരുന്നില്ല. പുരുഷൻമാരായ പോലീസുകാരെയാണ് അവരോടൊപ്പം അയച്ചിരുന്നത്. ഇത് ക്രമവിരുദ്ധമാണ്. സഹീറയോടൊപ്പം മുംബായ് വരെ പോകാനുള്ള കല്പനയൊന്നും പോലീസ് ഹാജരാക്കിയിട്ടില്ല. എന്നാൽ സഹീറക്ക്പരാതിയോ ആക്ഷേപമോ ഉള്ളതായി കാണുന്നില്ല.

അമ്മ സഹറുന്നിസ നൽകിയ തെളിവനുസരിച്ച്, ലോഡ്ജിൽ മുറി റിസർവ്വ് ചെയ്തിരുന്നതും വാഹനങ്ങൾ ഏർപ്പാട് ചെയ്തിരുന്നതും സാക്ഷി എവിടെ താമസിക്കണമെന്ന് നിശ്ചയിച്ചിരുന്നതുമെല്ലാം അഡ്വ: മിസ്ത്രിയാണ്. മഹാരാഷ്ട്ര ഗവർമ്മേണ്ട് സർക്കാർ വക ഗസ്റ്റ് ഹൗസിൽ സാക്ഷികൾക്ക് താമസസൗകര്യമേർപ്പെടുത്തിയിരുന്നു. എന്നാൽ കാലുമാറിയ സാക്ഷികൾ വക്കീലിന്റെ കൂടെ വിവിധ സ്ഥലങ്ങളിൽ താമസിക്കാനാണിഷ്ടപ്പെട്ടത്. ജനാധികാരി ഈ സാക്ഷികളെ പണം കൊണ്ട് സഹായിച്ചിരുന്നുവെങ്കിലും, ഇവർക്കാർക്കും പണം നൽകികൊണ്ടിരുന്നില്ല. പണമെല്ലാം നൽകിയിരുന്നത് അഡ്വ: മിസ്ത്രിയാണ്; ആ പണത്തിന്റെ വിശദാംശങ്ങൾ സാക്ഷികളെ അറിയിച്ചിരുന്നുമില്ല.

സഹീറ അഡ്വ: മിസ്ത്രിയെ കണ്ടുമുട്ടിയതെങ്ങനെയെന്നത് രസകരമായൊരു കഥയാണ്. മുംബായിൽ കേസിന്റെ പുനർവിചാരണയാരംഭിച്ച ശേഷം സഹീറയും മറ്റുള്ളവരും കാർമാർഗ്ഗം വഡോദരക്കുപോയി. സഹീറയും സഹോദരൻ നഫീതുള്ളയും അവിടെ കോടതിയിൽ വച്ച് അഡ്വ: മിസ്ത്രിയെ കണ്ടുമുട്ടി. വഡോദര കോടതിയിൽ ചെന്നപ്പോൾ ഒരു വക്കീലിനോട് തനിക്കൊരു വക്കീലിനെ വേണമെന്ന് പറഞ്ഞപ്പോൾ ആ വക്കിൽ അഡ്വ: മിസ്ത്രിയെ ചൂണ്ടിക്കാണിച്ചു കൊടുത്തുവെന്നാണ് സഹീറ പറയുന്നത്. അതിന്നുമുമ്പ് ഒരിക്കലും തന്നെ സഹീറ അഡ്വ: മിസ്ത്രിയെ കണ്ടിട്ടില്ല. എന്നാൽ സഹോദരൻ നഫീതുള്ള പറയുന്നത് വഡോദരയിലെ പത്രസമ്മേളനത്തിൽ വച്ചാണ് അഡ്വ: മിസ്ത്രിയെ ആദ്യമായി കണ്ടതെന്നാണ്. സഹീറ പറയുന്നതാകട്ടെ, ആദ്യം മിസ്ത്രിയെ കണ്ടുവെന്നും പിന്നെ ജന അധികാരിയെ സമീപിച്ചുവെന്നും, അതിന്നുശേഷം പത്രസമ്മേളനം നടത്തിയെന്നുമാണ്.

ജന അധികാരി എന്നു പറയുന്നത് തുഷാർ വ്യാസ് എന്നൊരാളാണെന്നും സഹീറ പറയുന്നു. അഡ്വ: മിസ്ത്രിയടക്കം ഒരു വക്കീലിന്നും താൻ ഫീസ് നൽകിയിട്ടില്ലെന്ന് സഹീറ പറയുന്നുണ്ട്. അഡ്വ: മിസ്ത്രിയാകട്ടെ, സഹീറയോടൊപ്പം ഗാന്ധി നഗറിലേക്കു പോലും പോയിട്ടുണ്ട്. ഗാന്ധി നഗറിൽ സഹീറ താമസിച്ച മുറി ബുക്ക് ചെയ്തത് അഡ്വ: മിസ്ത്രിയാണ്.

തെളിവെടുപ്പിന്നിടയിൽ സഹീറയുടെ പാസ് ബുക്ക് ഹാജരാക്കുന്ന കാര്യം വന്നപ്പോൾ, വഡോദരയിലുള്ള അമ്മയോട് അന്വേഷിക്കണമെന്നായിരുന്നു മറുപടി. അടുത്ത ദിവസം കോടതിയിൽ ഹാജരായപ്പോൾ സഹീറ പാസ്ബുക്ക് ഹാജരാക്കി. അമ്മയെ ഫോണിൽ വിളിച്ചു എന്നാണ് സഹീറ പറഞ്ഞത്. അഡ്വ: മിസ്ത്രിയുടെ മൊബൈൽ ഫോൺ ഉപയോഗിച്ച് അമ്മയെ ബന്ധപ്പെട്ടു എന്നാണവർ പറഞ്ഞത്. എന്നാൽ ഏത് ഫോണിലേക്കാണ് വിളിച്ചതെന്ന് പറയാൻ സഹീറക്കു കഴിഞ്ഞില്ല. അമ്മയോട് സംസാരിച്ച ഫോൺ നമ്പർ ആരാണ് തന്നതെന്നതും സഹീറക്കറിയില്ല.

അഡ്വ: മിസ്ത്രിയെ തന്റെ വക്കീലായി നിയമിച്ചതിന്ന് ജന അധികാരി സമിതിയുമായി ബന്ധമില്ലെന്ന് സഹീറ പറയുന്നുണ്ടെങ്കിലും, വേണ്ടിവന്നാൽ അഡ്വ: മിസ്ത്രി മുഖേന ജന അധികാരിയെ ബന്ധപ്പെടുമെന്നും അവർ പറയുന്നു. ജന അധികാരി എന്നതുകൊണ്ട് തുഷാർ വ്യാസ് എന്ന വ്യക്തിയെയാണ് സഹീറ അർത്ഥമാക്കുന്നത്.

സഹീറയുടേയും മറ്റും കൂടെ അഡ്വ: മിസ്ത്രി എല്ലായിടത്തും പോകുന്നുണ്ടെന്നാണ് കാണുന്നത്. തെളിവെടുക്കുന്ന അവസരത്തിൽ ആദ്യന്തം അദ്ദേഹം കോടതിയിൽ ഇരിക്കാറുണ്ട്. സാക്ഷികൾക്ക് എന്ത് നിയമസഹായമാണിദ്ദേഹം നൽകുന്നത് എന്നു വ്യക്തമല്ല. എന്നാൽ സാക്ഷികൾക്കുവേണ്ട എല്ലാ നിയമേതരസഹായവും അദ്ദേഹം ചെയ്യുന്നുണ്ട്. സാക്ഷികൾക്ക് വാഹനങ്ങൾ ബുക്ക് ചെയ്യുക, താമസ സൗകര്യം ഏർപ്പെടുത്തുക, അവർക്കു വേണ്ടി ഫോൺ ഡയൽചെയ്യുകവരെ അഡ്വ: മിസ്ത്രി നിർവ്വഹിക്കുന്നു.

ഈ കേസിൽ ജന അധികാര സമിതി വഹിക്കുന്ന പങ്കും രസകരമാണ്. അങ്ങനെ ഒരു സമിതിയുണ്ടെങ്കിൽ, ആ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ് എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ദുർബലരേയും ആവശ്യപ്പെടുന്നവരേയും സഹായിക്കുന്നുവെന്നാണ് പറയുന്നത്. എന്തുകൊണ്ടാണിവർ സഹീറയേയും മറ്റും സഹായം ആവശ്യമുള്ളവരായി തിരഞ്ഞെടുത്തത്? ഇവർ തമ്മിലുള്ള ധാരണ എന്താണ്? കോടതിയിൽ വരുന്നതിന്ന് സഹീറക്ക് എന്തിനാണൊരു സഹായം? എന്തിന്ന് വക്കീലിന്ന് ഫീസ് നൽകണം? ഇതൊക്കെ മനസ്സിലാക്കാൻ വിഷമമാണ്. കോടതിയിൽ സത്യം പറയാൻ വക്കീലിന്റെ സഹായം വേണോ? അക്രമികളെ കുറിച്ച് താൻ പരാതിപെട്ടിട്ടില്ല, താൻ പരാതി സമർപ്പിച്ചിട്ടില്ല, വഡോദരകോടതിയിൽ ശരിക്ക് വിചാരണ നടന്നിട്ടില്ലെന്ന് താൻ പറഞ്ഞിട്ടില്ല, താൻ പുനർവിചാരണ ആവശ്യപ്പെട്ടിട്ടില്ല, താൻ സുപ്രീംകോടതിയെ സമീപിച്ചിട്ടില്ല, അക്രമികൾ ആരാണെന്ന് തനിക്കറിയില്ല എന്നൊക്കെയാണ് സഹീറ ഇപ്പോൾ പറയുന്നത്. ഇതിനെന്തിനാണ് നിയമസഹായം?

സഹീറക്കും കുടുംബത്തിന്നും വേണ്ടി ജന അധികാരി തുഷാർ വ്യാസ് ഒരുപാട് കഷ്ടപ്പെട്ടിട്ടുള്ളതായി കാണുന്നു. സാക്ഷികൾക്ക് മുംബായിക്കുള്ള യാത്രാചെലവു മാത്രമല്ല ദൽഹിക്കുള്ള യാത്രാചെലവും ജന അധികാരിയാണ് വഹിക്കുന്നത്; വക്കീൽമാരുടെ ചെലവും അവർ തന്നെ വഹിക്കുന്നു.

ഈ സാക്ഷികൾക്ക് ഹോട്ടലിൽ താമസിക്കാനുള്ള ഏർപ്പാടും സമിതിയാണ് ചെയ്യുന്നത്. സാക്ഷികൾ കോടതിയിലേക്ക് വരുമ്പോൾ മാത്രമല്ല, മറ്റ് അവസരങ്ങളിലും ചെലവ് വഹിക്കുന്നത് സമിതിയാണ്. ഈ സാക്ഷികൾ താമസിക്കുന്ന സ്ഥലത്തിന്റെ വാടകയും മറ്റ് ചെലവുകളും എന്തിനാണ് ജന അധികാരസമിതി വഹിക്കുന്നതെന്ന് വ്യക്തമല്ല. സഹീറ മുമ്പ് ഒരുപാട് പരാതികൾ പറഞ്ഞിരുന്നു. തന്നോട് അനീതി കാണിച്ചതായി അവർ ആക്ഷേപിച്ചു; കേസന്വേഷണം ശരിക്കല്ലെന്നു കുറ്റപ്പെടുത്തി; തന്നെ ഭീഷണിപ്പെടുത്തി വരുന്നതായി അവർ പരാതിപ്പെട്ടു. അന്നൊന്നും ജന അധികാരി സമിതി അവരെ സഹായിക്കാനുണ്ടായിരുന്നില്ല. സഹീറ അവരെ സമീപിച്ചതുമില്ല.

എന്നാൽ കോടതിയുടേയും മനുഷ്യാവകാശ കമ്മീഷന്റേയുമെല്ലാം മുമ്പിൽ പറഞ്ഞതൊക്കെ മാറ്റി പറയാൻ സഹീറ തീരുമാനിക്കുന്നതോടെയാണ് സഹീറ ജന അധികാരസമിതിയെ സമീപിക്കുന്നതെന്ന് പ്രധാനമാണ്.

ജന അധികാരി കോടതിമുമ്പാകെ ഒരു കക്ഷിയല്ലാത്തതിനാൽ ഇതിനെപ്പറ്റി കൂടുതലെന്തെങ്കിലും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കോടതിമുമ്പാകെ സഹീറ ഇപ്പോൾ പറയുന്നതെല്ലാം നുണയാണെന്ന് മറ്റുവിധത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രതികളാണ് അക്രമികൾ എന്ന ഒരു കാര്യമൊഴിച്ച് മറ്റെല്ലാം സാക്ഷിയെകൊണ്ട് സമ്മതിപ്പിക്കുന്നതിൽ പബ്ലിക് പ്രോസിക്യൂട്ടർ വിജയിച്ചിട്ടുണ്ട്. ❑

---

## *വിവരാവകാശനിയമം ...........*

കിറ്റിന് ചെലവാക്കിയിട്ടുണ്ട്. അതും ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക പറഞ്ഞ കരാറുകാരനിൽനിന്ന് വാങ്ങിയിട്ടുള്ളതാണ്. അതായത് നിയമപരമായി തകരാറൊന്നുമില്ല. എന്നാൽ ഏറ്റവും വിലകൂടിയ കിറ്റ് നൽകുന്ന ഗ്ലാക്സോവിൽനിന്നാണ് കിറ്റ് വാങ്ങിയതെങ്കിൽപോലും 38,800 ക.യേ ചെലവുവരുമായിരുന്നുള്ളൂ. അപ്പോൾ ടെൻഡറിങ്ങിൽ ഒത്തുകളി നടന്നിട്ടുണ്ടെന്നു വ്യക്തം. 40 കിറ്റ് വാങ്ങിയ വകയിൽ ആരോ ഒരു ലക്ഷത്തിൽപരം രൂപ പോക്കറ്റിലാക്കിയിട്ടുണ്ടെന്ന് വ്യക്തം. മധ്യപ്രദേശിൽ ഇത്തരത്തിലുള്ള 200 ടീച്ചിങ് സെന്ററുകളുണ്ട്.

സന്ധാൻകാട്നി എന്ന സംഘടനയിലെ ഡോ. രാകേശ് രഞ്ചൻ ഈ തട്ടിപ്പിനെപ്പറ്റി കൂടുതൽ അന്വേഷിക്കുകയുണ്ടായി. "ദൈനിക് ജാഗരൺ" എന്ന പത്രത്തിലെ ഒരു ജർണലിസ്റ്റിനോടൊപ്പം ആദ്ദേഹം 10 ടീച്ചിങ് സെന്ററുകളിൽ പരിശോധന നടത്തി. ഈ പത്തു സെന്ററുകളിൽകണ്ട കിറ്റുകളിൽ ഒന്നിൽപോലും ഒരു കമ്പനിയുടെയും പേരു കണ്ടില്ല. മൂന്നിടത്തെ കിറ്റുകൾക്കകം ശൂന്യമായിരുന്നു. ബാക്കിയുള്ള ഏഴെണ്ണത്തിൽ ചില ഉപകരണങ്ങൾ കണ്ടെങ്കിലും അവയെല്ലാം വില കുറഞ്ഞവയായിരുന്നു. ടെൻഡറിൽ പറയുന്ന തരത്തിലുള്ളവയായിരുന്നില്ല.

കാട്നിയിലെ പത്രങ്ങൾ ഈ അഴിമതിയുടെ വിവരം പുറത്തുകൊണ്ടുവന്നുവെങ്കിലും ജില്ലാ ഭരണാധികാരികൾ ഒരു നടപടിയുമെടുത്തിട്ടില്ല. ഡോ. രഞ്ചൻ തന്മൂലം വിജിലൻസിനെ സമീപിച്ചിരിക്കയാണിപ്പോൾ. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# ദൽഹിയിലെ മാധ്യമലോകത്ത് വാഴുന്നത് സവർണ്ണർ

ദൽഹിയിലെ 315 സീനിയർ ജേർണലിസ്റ്റുകൾക്കിടയിൽ നടത്തിയ ഒരു സർവ്വേയിൽ അവർക്കിടയിൽ ഒരൊറ്റ പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ഇല്ലെന്ന് തെളിഞ്ഞു. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള 37 പത്രങ്ങളും ടെലിവിഷൻ ചാനലുകളുമാണ് സർവ്വേക്ക് വിധേയമാക്കിയത്.

ദേശീയ മാധ്യമങ്ങളിലെ ഉയർന്ന സ്ഥാനങ്ങളിൽ 71 ശതമാനവും ഹിന്ദുക്കളിലെ മേൽജാതിക്കാരായ പുരുഷന്മാരാണ് കയ്യടക്കിയിരിക്കുന്നത്. ഇവർ ജനസംഖ്യയിൽ എട്ടു ശതമാനമേ വരൂ. സ്ത്രീകൾ, കീഴ്ജാതിക്കാരായ ഹിന്ദുക്കൾ, മുസ്ലീമുകൾ എന്നിവർക്കുള്ള പ്രാതിനിധ്യം നിസ്സാരമാണ്.

സ്ത്രീകളെക്കൂടി കണക്കാക്കുന്ന പക്ഷം ഹിന്ദുക്കളിലെ മേൽജാതിക്കാർ (ദ്വിജന്മാർ) ഉയർന്ന സ്ഥാനങ്ങളിൽ 85 ശതമാനവും കയ്യടക്കിയിട്ടുണ്ട്. ഈ ജാതിക്കാർ ജനസംഖ്യയിൽ 16 ശതമാനമേ വരൂ.

ബ്രാഹ്മണരെ മാത്രമെടുത്താൽ അവർക്ക് 49 ശതമാനം പ്രാതിനിധ്യമുണ്ട്. മറാത്തകൾ, പട്ടേൽമാർ തുടങ്ങിയ ദ്വിജന്മാരല്ലാത്ത മുന്നോക്ക സമുദായക്കാരെക്കൂടി ഉൾപ്പെടുത്തിയാൽ മുന്നോക്ക ജാതിക്കാരുടെ പ്രാതിനിധ്യം 88 ശതമാനമാവും.

ജനസംഖ്യയിൽ 40 ശതമാനത്തോളം വരുന്ന "മറ്റു പിന്നോക്കജാതി"ക്കാർക്കു നിസ്സാര പ്രാതിനിധ്യമേയുള്ളൂ – നാലു ശതമാനം. ഇംഗ്ലീഷ് പത്രലോകത്തിൽ മറ്റു പിന്നോക്ക ജാതിക്കാർ ഒരു ശതമാനം മാത്രമാണ്; ഹിന്ദി പത്രങ്ങളിൽ അത് എട്ടു ശതമാനമുണ്ട്. മുസ്ലീമുകൾ ജനസംഖ്യയിൽ 13.4 ശതമാനം വരുമെങ്കിലും മാധ്യമരംഗത്ത് അവർക്കുള്ള പ്രാതിനിധ്യം മൂന്നു ശതമാനം മാത്രമാണ്.

ഹിന്ദി എലക്ട്രോണിക് മാധ്യമരംഗത്ത് മുസ്ലിമുകളുടെ പ്രാതിനിധ്യം അല്പം മെച്ചപ്പെട്ടതാണ് – 6 ശതമാനം. എന്നാൽ ഇംഗ്ലീഷ് എലക്ട്രോണിക് മാധ്യമ രംഗത്ത് മുസ്ലീമുകളില്ല.

ഇന്ത്യയിൽ ക്രിസ്ത്യാനികൾ 2.3 ശതമാനമേയുള്ളൂവെങ്കിലും മാധ്യമരംഗത്ത് അവർക്ക് 4 ശതമാനത്തിന്റെ പ്രാതിനിധ്യമുണ്ട്.

സ്ത്രീ-പുരുഷ സന്തുലിതാവസ്ഥയുടെ കാര്യത്തിൽ ഇംഗ്ലീഷ് എലക്ട്രോണിക് മാധ്യമങ്ങളുടെ സ്ഥിതി മെച്ചമാണ്. സ്ത്രീകൾക്ക് 32 ശതമാനം പ്രാതിനിധ്യമുണ്ട്. ഇംഗ്ലീഷ് പത്രങ്ങളിലെ ഉയർന്ന സ്ഥാനങ്ങളിലുള്ളവരിൽ 16 ശതമാനം സ്ത്രീകളാണ്.

ജർണലിസ്റ്റ് അനിൽ ചമാരിയ, ജിതേന്ദ്രകുമാർ (മീഡിയ സ്റ്റഡി ഗ്രൂപ്പ്), യോഗേന്ദ്ര യാദവ് (സീനിയർ ഫെല്ലോ CSDS) എന്നിവരാണ് സർവ്വെ നടത്തിയത്)

ഓരോ സ്ഥാപനത്തിലേയും ഏറ്റവുമുയർന്ന പത്തു ഉദ്യോഗങ്ങളാണ് സർവ്വേക്ക് വിഷയീഭവിപ്പിച്ചത്. ചിലതിൽ അല്പം വ്യത്യാസം കാണും. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / geopuli@gmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ – ആയുഷ്കാലം : 1000 ക.**